പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## ഒൻപതാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

ഒൻപതാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

414/2007.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 55 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 ജനുവരി മാസം 10-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച് 21.

# റിപ്പോർട്ട്

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## തൊടിയൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പൊതു അവലോകനം

"ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട കണക്കുകളും രേഖകളും ആഡിറ്റിന് ഹാജരാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള അലംഭാവം ശ്രദ്ധേയമായിരുന്നു. പല പ്രോജക്ടുകൾക്കും ഡി.പി.സി.യുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ ഓണററി ജീവനക്കാർ ഉൾപ്പെടെ പലർക്കും യഥേഷ്ടം ചെലവഴിക്കാൻ പൊതുമുതൽ ഏൽപ്പിച്ചു. ശുചീകരണ പ്രവർത്തനത്തിന്റെ പേരിൽ സഞ്ചാര വാഹനം വാങ്ങി വൗച്ചറുകൾ പ്രസിഡന്റിന്റെ അംഗീകാരം കൂടാതെ തന്നെ പാസ്സാക്കി ചെലവു നിർവ്വഹിച്ചതായി ശ്രദ്ധയിൽപ്പെട്ടു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (a)]

**ഓഡിറ്റ് ഖണ്ഡിക**

സമഗ്ര നെൽകൃഷി വികസനം—69,346 രൂപ ചെലവഴിച്ചതിന് രേഖയില്ല

"സമഗ്ര നെൽകൃഷി വികസനത്തിനായി ഹെക്ടറിന് 1050 രൂപാ നിരക്കിൽ 175 ഹെക്ടറിന് 1,83,750 രൂപാ ഗുണഭോക്താക്കൾക്ക് നൽകിയതായി സൂചനയുണ്ടെങ്കിലും 1,14,404 രൂപയ്ക്ക് 161 പേരിൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12(2) പ്രകാരം കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ 69,346 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

എല്ലാറ്റിലുമുപരി പദ്ധതി നടപ്പിൽ വരുത്തുവാൻ തൊടിയൂർ ഗ്രാമ പഞ്ചായത്തിൽ നെൽകൃഷിക്ക് ഉപയുക്തമായ 175 ഹെക്ടർ പാടശേഖരം ഉള്ളതിന് രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (d)]

**ഓഡിറ്റ് ഖണ്ഡിക**

കുരുമുളക് കൃഷി വികസനം സബ്സിഡി ക്രമരഹിതമായി നൽകി

" ഈ പദ്ധതിയിൽ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം 123 ആയിരിക്കെ 140 പേർക്ക് സബ്സിഡി നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അധികമായി 17 പേർക്ക് നൽകിയെന്ന് പറയപ്പെടുന്ന 3,910 രൂപ മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ ആഡിറ്റിൽ അംഗീകരിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III(9) (e)]

**ഓഡിറ്റ് ഖണ്ഡിക**

<u>മരിച്ചീനി കൃഷി വ്യാപിപ്പിക്കൽ പദ്ധതി 28,320 രൂപയ്ക്ക് രേഖയില്ല</u>

" ഒരു വാർഡിലെ 85 കുടുംബങ്ങൾക്ക് 100 രൂപാ നിരക്കിൽ 14 വാർഡുകളിലെ 1190 യൂണിറ്റുകൾക്കായി മരിച്ചീനി കൃഷി വ്യാപിപ്പിക്കാൻ സബ്സിഡി നൽകാനെന്ന പേരിൽ 1,19,120 രൂപാ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 100 രൂപാ നിരക്കിൽ സബ്സിഡി കൊടുക്കണമെന്ന് പ്രോജക്ടിൽ പരാമർശമില്ല. ഗുണഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുള്ള കൈപ്പറ്റ് രസീതുകൾ പരിശോധിച്ചതിൽ തുക എഴുതാത്തതും തുക തിരുത്തിയതും, സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതുമായവ കാണുവാൻ കഴിഞ്ഞു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന 908 ഗുണഭോക്താക്കളിൽ നിന്നുള്ള മൊത്തം 90,800 രൂപയുടെ രസീത് മാത്രമേ ഹാജരാക്കിയിട്ടുമുള്ളൂ. പദ്ധതിയ്ക്കായി പിൻവലിച്ച തുകയിൽ ബാക്കി നിൽക്കുന്ന 28,320 രൂപ ബന്ധപ്പെട്ടവരിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കേണ്ടതുണ്ട്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (f)]

**ഓഡിറ്റ് ഖണ്ഡിക**

<u>മംഗളാ അടയ്ക്കാ കൃഷി വ്യാപിപ്പിക്കൽ പദ്ധതി</u>

"5 സെന്റ് ഉൾക്കൊള്ളുന്ന ഒരു യൂണിറ്റിന് 20 മൂട് എന്ന ക്രമത്തിൽ മംഗളാ അടയ്ക്കാ കൃഷി ചെയ്യുന്നതിന് 100 രൂപാ നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ ഗുണഭോക്താവിനും ഈരണ്ട് യൂണിറ്റിന്റെ തുകയാണ് നൽകുന്നത്. ബന്ധപ്പെട്ട മിനിറ്റ്സ് പ്രകാരം 117 ഗുണഭോക്താക്കളെയുള്ളൂവെങ്കിലും 176 പേരുടെ രസീതുകൾ ഹാജരാക്കിയിട്ടുണ്ട്. 96 എണ്ണത്തിൽ വിരലടയാളവും 21 എണ്ണത്തിൽ കൈയ്യൊപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. 176 രസീതുകളും സെക്രട്ടറി കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരമില്ലാതെ 59 പേർക്ക് നൽകിയ 11800 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (g)]

**ഓഡിറ്റ് ഖണ്ഡിക**

<u>ബഹുവിള കൃഷി-19925 രൂപ അധികം സബ്സിഡി നൽകിയതായി രേഖ</u>

" ബഹു വിള കൃഷിക്കായി ഒരു വാർഡിൽ 10 സെന്റ് വീതമുള്ള 71 യൂണിറ്റുകൾ എന്ന ക്രമത്തിൽ 14 വാർഡുകളിലെ 994 യൂണിറ്റുകൾക്ക് 100 രൂപ പ്രകാരം സബ്സിഡി നൽകുന്നതിനായിരുന്നു ഈ പദ്ധതി. അതനുസരിച്ച് 99,400 രൂപാ വകയിരുത്തിയിരുന്നെങ്കിലും 1,00,625 രൂപ ചെലവായതായി കാണിച്ചിരിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 21-1-1998-ലെ യോഗം 807 ഗുണഭോക്താക്കളെയാണ് അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ഇത് പ്രകാരമുള്ള 80,700 രൂപയിൽ കൂടുതൽ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്ന 19,925രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ മുതൽ കൂട്ടേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (h)]

**ഓഡിറ്റ് ഖണ്ഡിക**

തെങ്ങുകൃഷി, എളളുകൃഷി എന്നിവയുടെ വികസനം ചട്ടലംഘനം—5,08,500 രൂപയ്ക്ക് രേഖയില്ല.

" ചട്ടവിരുദ്ധമായി കാർഷിക പദ്ധതികൾ കൃഷി ആഫീസർ വഴിയല്ലാതെ സെക്രട്ടറിയാണ് നടപ്പിലാക്കിയത്. 30-6-1998-ൽ സെക്രട്ടറിയുടെ പ്ലാൻ പി. ഡി.. അക്കൗണ്ടിൽ നിന്നും 5,08,500 രൂപ പിൻവലിച്ച് കല്ലേലി ഭാഗം പട്ടകടവിൽ വീട്ടിൽ ടി കുമാരൻ എന്നയാളെ ഏൽപ്പിച്ചതായി കാണിച്ചിരിക്കുന്നു പ്രസ്തുത തുക 14 വാർഡുകളിലെ കൃഷി കൺവീനർമാർക്കും വാർഡുമെമ്പർമാർക്കും വീതിച്ചു കൊടുത്തതായി കുമാരൻ സെക്രട്ടറിയെ 12-10-1998-ൽ അറിയിച്ചിട്ടുണ്ട്. തുക എപ്രകാരം ചെലവഴിച്ചു എന്നു വ്യക്തമാക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (i)]

**ഓഡിറ്റ് ഖണ്ഡിക**

കിണർ, കക്കൂസ് നിർമ്മാണം—ക്രമവിരുദ്ധമായി 5 ലക്ഷം രൂപ നൽകിയത്—വിനിയോഗത്തിന് രേഖയില്ല.

"പഞ്ചായത്ത് കമ്മിറ്റിയുടെ 22-6-1998-ലെ 3(3)-ാം തീരുമാനപ്രകാരം പഞ്ചായത്ത് പ്രദേശത്ത് കക്കൂസും കിണറും നിർമ്മിച്ചുകൊടുക്കുന്നതിന് ശ്രീ. അനിൽകുമാർ കോട്ടൂർ എന്നയാളിനെ ചുമതലപ്പെടുത്തുകയും 30-6-1998-ൽ പി.ഡി. അക്കൗണ്ടിൽ നിന്നും 5 ലക്ഷം രൂപ അയാൾക്ക് നൽകുകയും ചെയ്തു. മറ്റു പദ്ധതികളിൽ വ്യത്യസ്തമായി ഗുണഭോക്താക്കളെ ഗ്രാമസഭയോ പഞ്ചായത്തോ തെരഞ്ഞെടുത്തിരുന്നില്ല. പദ്ധതി തുക വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടുമില്ല. "

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (j)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-2004-ലെ എ1/109/04 നമ്പർ കത്ത് പ്രകാരം തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

1. "ഓഡിറ്റ് ശുപാർശയിന്മേൽ അന്വേഷണം നടന്നുവരുന്നു. "

2. തൊടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശങ്ങളിൽ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ സമിതി പരിഗണിച്ചില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

3. തൊടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽപ്പറഞ്ഞ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിക്കുന്നതിനും വിജിലൻസിന് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്ലാൻ പി.ഡി.അക്കൗണ്ട് നിക്ഷേപത്തേക്കാൾ കൂടുതൽ തുക പിൻവലിച്ചു

" ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾക്കായി കരുനാഗപ്പള്ളി സബ് ട്രഷറിയിലുള്ള പ്ലാൻ പി.ഡി.അക്കൗണ്ടിലേയ്ക്ക് 30-6-1998 വരെ 63,55,000 രൂപയാണ് വകമാറ്റിയിട്ടുള്ളത്. എന്നാൽ വിവിധ ചെക്കുകളിലായി 30-6-1998 വരെ 66,37,336 രൂപ പിൻവലിച്ചിട്ടുണ്ട്. ഓരോ പിൻവലിക്കലിനുശേഷവും നീക്കിയിരിപ്പ് തിട്ടപ്പെടുത്തുന്നതിൽ സെക്രട്ടറിയുടെയും ട്രഷറി അധികൃതരുടേയും ഭാഗത്ത് നിന്നുണ്ടായ അശ്രദ്ധയാണ് നിക്ഷേപത്തേക്കാൾ കൂടുതൽ തുക പിൻവലിക്കാൻ സാഹചര്യം ഒരുക്കിയത്. ഈ നടപടി ഒഴിവാക്കേണ്ടതായിരുന്നു. "

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-2004-ലെ എ1/109/04 നമ്പർ കത്ത് പ്രകാരം തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

4. "അധികമായി പിൻവലിച്ച തുക ജനറൽ പി.ഡി.അക്കൗണ്ടിൽ നിന്നും പ്ലാൻ പി.ഡി.യിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അധികം തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. "

## നിഗമനങ്ങൾ/ശുപാർശകൾ

5. അധികം തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു എന്ന് സമിതിയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയെങ്കിലും അധികമായി പിൻവലിച്ച തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളോ ഇതു സംബന്ധിച്ച വിശദാംശങ്ങളോ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കാർഷിക പദ്ധതി—നിർവ്വഹണോദ്യോഗസ്ഥനെ മാറ്റിയത്—ക്രമവിരുദ്ധം

" സമഗ്ര നെൽകൃഷി, കുരുമുളക് കൃഷി, മംഗളാ അടയ്ക്കാ കൃഷി, വെറ്റില കൃഷി, മരിച്ചീനി കൃഷി, ബഹുവിള കൃഷി എന്നിവയുടെ നടത്തിപ്പിനായി 4-11-1997-ലെ ഒന്നാം നമ്പർ തീരുമാനമനുസരിച്ച് തൊടിയൂർ കൃഷി ഭവനിലെ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞവ സംബന്ധിച്ച പദ്ധതികൾ എല്ലാം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായാണ് നടത്തിയത്. ഈ മാറ്റത്തിന് ബന്ധപ്പെട്ടവരുടെ അനുമതി വാങ്ങിയിട്ടില്ല. ഈ നടപടി സർക്കാരിന്റെ 11-9-1998-ലെ 37803/പി2/98/ത.ഭ.വ. നമ്പർ പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (c)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-2004-ലെ എ1./109/04 നമ്പർ കത്ത് പ്രകാരം തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

6. "കാർഷിക പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ആഫീസർ യഥാസമയം പ്ലാൻ പി.ഡി.അക്കൗണ്ട് ഓപ്പൺ ചെയ്യാതിരുന്നതിനാൽ കാർഷിക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 21-1-1998-ലെ VII-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് തീരുമാനിക്കുകയും ആയതിന് കൊല്ലം ജില്ലാ പ്ലാനിംഗ് ആഫീസർ 22-1-1998-ലെ plg 851/96/ OPO. നമ്പർ കത്ത് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

7. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പബ്ലിക് ഹെൽത്ത് സെന്റർ നിർമ്മാണം—ചെലവുകൾക്ക് രേഖയില്ല—ക്രമരഹിതമായി ലക്ഷങ്ങൾ നൽകി.

"എട്ടാം വാർഡിൽ 4,35,470 രൂപാ എസ്റ്റിമേറ്റിൽ പി.എച്ച്. സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ നടത്തിപ്പിന് മുൻകൂറായി പഞ്ചായത്തിലെ ഓണററി ലൈബ്രേറിയൻ കൂടിയായ ശ്രീ. അനിൽകുമാർ, കോട്ടൂരിന് 19-5-1998-ൽ കരാറും സമ്മതപത്രവും കൂടാതെ 50,000 രൂപ നൽകി. 15-6-1998-ലെ പ്രസിഡന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ കൂടി നൽകി. ശ്രീ. അനിൽകുമാറിന് നൽകിയ 1.50 ലക്ഷം രൂപയുടെയും വിനിയോഗം സംബന്ധിച്ച രേഖകളൊന്നും ഹാജാരാക്കിയിട്ടില്ല. തുടർന്ന് 28-6-1998-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പി.എച്ച്. സെന്ററിന്റെ പണി സമയബന്ധിതമായി തീർക്കാൻ എസ്റ്റിമേറ്റ് തുകയിൽ ചെലവഴിച്ചതിന്റെ ബാക്കി 2,85,470 രൂപാ നിർമ്മിതി കേന്ദ്രത്തിന്റെ കൊല്ലം ജില്ലാ അധികാരികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. ഇപ്രകാരം 29-6-1998-ന് 2,85,000 രൂപ സൈറ്റ് എഞ്ചിനീയർക്ക് നൽകിയതായി കാണിച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ ഔദ്യോഗിക രസീത് ഹാജരാക്കുകയോ പ്രസ്തുത ചെലവു സംബന്ധിച്ച് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 9 (k)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-2004-ലെ എ1./109/04 നമ്പർ കത്ത് പ്രകാരം തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

8. "പബ്ലിക് ഹെൽത്ത് സെന്ററിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ തുകയിൽ നിർമ്മിച്ച കെട്ടിടത്തിന്റെ വാല്യുവേഷൻ നടത്തി മെഷർമെന്റ് ബുക്കിൽ

രേഖപ്പെടുത്തിയശേഷം അധികം നൽകിയ ബാക്കി തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്. ക്രമരഹിതമായി അധികം തുക നൽകിയ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടിക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്."

9. പി.എച്ച്. സെന്ററിന്റെ നിർമ്മാണം ഏറ്റെടുത്ത കൺവീനർ പഞ്ചായത്തിലെ ജീവനക്കാരനാണോയെന്നും, സമിതിയാരാഞ്ഞതിന് അദ്ദേഹം പഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയനാണെന്ന് തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

10. പഞ്ചായത്തിന്റെ പ്രതിഫലം പറ്റുന്ന ഒരു ജീവനക്കാരന് കൺവീനർ ആകുവാൻ നിയമപരമായി സാധ്യമാണോയെന്നും അന്നത്തെ സെക്രട്ടറി ഇതിനെക്കുറിച്ച് ഫയലിലെന്തെങ്കിലും അഭിപ്രായമെഴുതിയിട്ടുണ്ടോയെന്നും അന്നത്തെ സെക്രട്ടറിമാർ ആരൊക്കെയായിരുന്നെന്നും ശ്രീ. അനിൽകുമാർ ഇപ്പോൾ കൺവീനറായി പണികൾ ചെയ്യുന്നുണ്ടോയെന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പണി പൂർത്തീകരിച്ചോയെന്നും സമിതിയാരാഞ്ഞതിന്, പഞ്ചായത്തിന്റെ പ്രതിഫലം പറ്റുന്ന ജീവനക്കാരൻ കൺവീനർ ആകുവാൻ പാടില്ലായിരുന്നെന്നും ഇതിന്റെ ഫയൽ വിജിലൻസ് കൊണ്ടുപോയിരിക്കുകയാണെന്നും കമ്മിറ്റിയുടെ തീരുമാനം ശരിയല്ലെന്നും സെക്രട്ടറിയായി ശ്രീ. കുട്ടൻപിള്ളയ്ക്കും ശ്രീ. വിജയനും പിന്നീട് ജൂനിയർ സൂപ്രണ്ടിനും ചാർജ്ജ് ഉണ്ടായിരുന്നെന്നും ശ്രീ. അനിൽകുമാർ നിലവിൽ പണികളൊന്നും ഏറ്റെടുത്തിട്ടില്ലെന്നും ടിയാൻ ഇപ്പോഴും ലൈബ്രേറിയനായിട്ട് ജോലി നോക്കുന്നുണ്ടെന്നും ടി പണി പൂർത്തീകരിച്ചിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

11. ശ്രീ. അനിൽകുമാർ തുക അടക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് റവന്യൂ റിക്കവറി നടത്തി 63,598 രൂപ ഈടാക്കിയെന്നും അന്നത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

12. പഞ്ചായത്ത് ജീവനക്കാരനായിരിക്കെ പഞ്ചായത്ത് ഫണ്ട് അനധികൃതമായി കൈകാര്യം ചെയ്ത അനിൽകുമാറിനെതിരെ വകുപ്പുതല അച്ചടക്ക നടപടി അടിയന്തിരമായി കൈക്കൊള്ളാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

13. തൊടിയൂർ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നതിൽ നിന്നും തന്നെ പദ്ധതി നടത്തിപ്പിൽ സാരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടാകുമെന്നും വ്യക്തമാണ്. ആയതിനാൽ വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

14. പബ്ലിക് ഹെൽത്ത് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച ശ്രീ. അനിൽകുമാറിനെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് 22-12-2004-ലെ തെളിവെടുപ്പു യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു നൽകിയിരുന്നെങ്കിലും ടിയാനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് നാളിതുവരെ റിപ്പോർട്ട് ലഭ്യമാ

ക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണം ആവശ്യപ്പെടുന്നു. ശ്രീ. അനിൽകുമാറിനെതിരെ കേരള സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ശ്രീ. അനിൽകുമാറിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തേണ്ടി വന്ന സാഹചര്യത്തിൽ റിക്കവറി നടപടി ക്രമങ്ങൾക്കായി ചെലവായ തുക ടിയാനിൽ നിന്നും ഈടാക്കുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

16. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം വിശദമായി പരിശോധിച്ച് കെട്ടിട നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിൽ അടച്ച തുക തിരികെ വാങ്ങുന്നതിനോ അല്ലാത്തപക്ഷം കെട്ടിടം പണി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ആദായ നികുതിക്ക് പീനൽ പലിശ നൽകിയത് രൂപ 38011

"കൊട്ടാരക്കര പഞ്ചായത്ത് കരാറുകാരിൽ നിന്നും 1991-92, 1993-94, 1994-95 എന്നീ കാലയളവിൽ ഈടാക്കിയ ആദായനികുതി മുഴുവനും കൃത്യസമയത്ത് തന്നെ ആദായ നികുതി വകുപ്പിലേയ്ക്ക് അടയ്ക്കാതിരുന്നതിനാൽ ആദായനികുതിക്ക് പീനൽ പലിശയായി രൂപ 38011 അടയ്ക്കേണ്ടതായി വന്നു. 1961-ലെ ആദായ നികുതി നിയമം 201(i) (എ) പ്രകാരമുള്ള നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക അടച്ചിട്ടുള്ളത്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 3 (a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-2004-ലെ ഇ.4517/04 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

17. "1991-92 വർഷവും, 1993-94, 1994-95 വർഷങ്ങളിലും ആദായ നികുതി സമയബന്ധിതമായി ഒടുക്കു വരുത്താത്തതിനാൽ പിഴപ്പലിശ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം വന്നതുമായ 1991-92 വർഷത്തെ 26,289 രൂപയും 1993-94, 1994-95 വർഷത്തെ 11,722 രൂപ പിഴപലിശയും, ഈ കാലയളവിൽ ജോലി ചെയ്തിരുന്ന സെക്രട്ടറിമാർ ടി തുക പഞ്ചായത്തിൽ ഒടുക്കി ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അറിയിപ്പു നൽകിയിട്ടുണ്ട്. പ്രസ്തുത സെക്രട്ടറിമാർ ജോലി നോക്കിയിരുന്ന കാലയളവിലെ വിവിധ ആഡിറ്റ് തടസ്സങ്ങൾ പരിഹരിക്കാത്തതിനാൽ ടി സെക്രട്ടറിമാർക്ക് എൻ.എൽ.സി.നൽകിയട്ടില്ല."

18. അന്തിമ ബില്ലിൽ നിന്നും ആദായ നികുതി പിടിച്ചതിനുശേഷമല്ലേ കരാറുകാർക്ക് തുക കൊടുക്കേണ്ടതെന്നും പിന്നെയെന്തുകൊണ്ടാണ് അടയ്ക്കാൻ താമസിച്ചതെന്നും പീന്നീട് ഏതു വർഷമാണ് തുക അടച്ചതെന്നും വീഴ്ച വരുത്തിയ

സെക്രട്ടറിയാണോ സർവ്വീസിലിരിക്കെ മരണമടഞ്ഞതെന്നും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഏതൊക്കെ സെക്രട്ടറിമാർക്കാണ് എൻ.എൽ.സി.കൊടുക്കാതിരുന്നതെന്നും സമിതി ആരാഞ്ഞതിന് തുകയെല്ലാം കൊടുത്തതിനുശേഷം പഞ്ചായത്ത് ഫണ്ടിൽ തുക ഇല്ലാത്ത അവസ്ഥ വരുമെന്നതു കൊണ്ടായിരിക്കാം ആദായ നികുതി അടയ്ക്കാതിരുന്നതെന്നും 1997-98-ലാണ് തുക അടച്ചതെന്നും വീഴ്ച വരുത്തിയ സെക്രട്ടറി ശശിയാണ് സർവ്വീസിലിരിക്കെ മരണമടഞ്ഞതെന്നും അന്നത്തെ ക്യാഷ് ബുക്ക് പ്രകാരം വരവിനനുസരിച്ച് തന്നെ ചെലവും ഉണ്ടായിരുന്നെന്നും ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നിവർക്കാണ് എൻ.എൽ.സി.കൊടുക്കാതിരുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

19. എന്നാൽ 1991-92, 1993-94, 1994-95 എന്നീ വർഷങ്ങളിൽ കരാറുകാരനിൽ നിന്നും ഈടാക്കിയ ആദായ നികുതി അടയ്ക്കാത്തതും ശശിയുമായുള്ള ബന്ധം എന്താണെന്നും കരാറുകാരിൽ നിന്നും പിടിച്ച തുക കൃത്യമായി അടയ്ക്കാതിരുന്നത് പണം ദുർവിനിയോഗം ആണെന്നും ഇതേക്കുറിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ചോദിച്ചതിന് ശശിയുടെ കാലയളവിനു മുമ്പുള്ള വീഴ്ചയാണെന്നും 38,011 രൂപ ടിയാൻ അടച്ചതുകൊണ്ടാണ് പരാമർശം വന്നിരിക്കുന്നതെന്നും പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരാണ് ഇതിനുത്തരവാദികളെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പരസ്പരവിരുദ്ധമായി മറുപടി നൽകി സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചതിന് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെടാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചിരുന്നു.

20. റിപ്പോർട്ട് കിട്ടിയതിനുശേഷം ഡെപ്യൂട്ടി ഡയറക്ടർ അതിന്മേലെന്തു നടപടി സ്വീകരിച്ചെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് കൃത്യമായി നടപടി സ്വീകരിക്കേണ്ടത് ഡെപ്യൂട്ടി ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടറുടെയും ചുമതലയാണെന്നും സമിതി ചൂണ്ടിക്കാട്ടി.

21. കരാറുകാരിൽ നിന്നും പിരിച്ചെടുത്ത ആദായ നികുതി കൃത്യമായി തിരിച്ചടക്കാതിരുന്ന കാലയളവിലെ (1991-92, 1993-94, 1994-95) സെക്രട്ടറിമാരായ ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നിവരിൽ നിന്നും പണം തിരിച്ചു പിടിക്കുന്നതിന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറേയും, ഇക്കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേയും സമിതി ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

22. കരാറുകാരിൽ നിന്നും ഈടാക്കിയ ആദായ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികൾ ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നീ സെക്രട്ടറിമാരായിരുന്നിട്ടും പ്രസ്തുത തുക അടയ്ക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്ത ശ്രീ. ശശിയായിരുന്നു തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയത് എന്ന് സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ച കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻനായരിൽ നിന്നും വിശദീകരണം

ആവശ്യപ്പെടാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകിയിരുന്നെങ്കിലും ഇതിന്മേൽ ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചതായി സമിതിക്ക് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻ നായരിൽ നിന്നും വിശദീകരണവും ഇക്കാര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിക്കാതിരുന്നത് സംബന്ധിച്ച വിശദീകരണവും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

23. ആദായ നികുതി അടയ്ക്കുന്നതിൽ കാലതാമസം ഉണ്ടായതുമൂലം പഞ്ചായത്തിന് പിഴപ്പലിശയായി 38011 രൂപ അടയ്ക്കേണ്ടിവന്നതിനാൽ അടയ്ക്കേണ്ടി വന്ന പ്രസ്തുത തുക 1991-92 മുതലുള്ള പിഴപ്പലിശ ഉൾപ്പെടെ ഉത്തരവാദികളായിരുന്ന ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നീ മുൻ സെക്രട്ടറിമാരിൽ നിന്നും മൂന്നു മാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും ഇതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും സമിതി നിർദ്ദേശിക്കുന്നു.

24. ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ചുമതലപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ കർത്തവ്യ നിർവ്വഹണത്തിൽ അക്ഷന്തവ്യമായ കാലതാമസവും കൃത്യവിലോപവും നടത്തിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

25. സമിതി നിർദ്ദേശ പ്രകാരം, പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും അടിയന്തിരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

നിർമ്മാണ പ്രവർത്തനങ്ങൾ—പണികൾ പൂർത്തീകരിച്ച മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

"ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പണികൾ തുടങ്ങി താഴെ വിവരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ഓരോ പണിക്കും വേണ്ടി കൺവീനർമാർക്കു കൊടുത്ത തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഒന്നാം വാർഡിൽ ആവിക്കോട്ട് ജംഗ്ഷനിൽ മുളയറ ഏലാ റോഡിന്റെ ഉദ്ധാരണ പണികൾ—എസ്റ്റിമേറ്റ് തുക 2,50,000 രൂപയിൽ 2,09,873 രൂപ ഗഡുക്കളായി 4/98 മുതൽ 6/98 വരെയുള്ള കാലയളവിൽ കൺവീനർക്ക് നൽകി.

2. ഒമ്പതാം വാർഡിൽ ആയുർവേദ കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ വാട്ടർ സപ്ലൈ പണികളും എസ്റ്റിമേറ്റ് തുക 2,65,000 രൂപയിൽ 1,01,857 രൂപ ഗഡുക്കളായി 24-6-1998 മുതൽ 30-6-1998 വരെയുള്ള കാലയളവിൽ കൺവീനർക്ക് നിർമ്മാണ

സാധനങ്ങളുടേയും പ്ലംബിംഗ് സാനിറ്ററി സാധനങ്ങളുടേയും വിലയായി നൽകി. പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല.

3. ഏഴാം വാർഡിൽ സസ്യമാർക്കറ്റിന് ചുറ്റുമതിൽ നിർമ്മാണം എസ്റ്റിമേറ്റ് തുക 3,00,000 രൂപയിൽ 1,00,000 രൂപ മുൻകൂറായി 50,000 രൂപ വീതം 17-6-1998, 26-6-1998 എന്നീ ദിനങ്ങളിൽ കൺവീനർക്ക് നൽകി. ആകെ 4,11,730 രൂപ കൺവീനർമാർക്ക് നൽകി.

വാങ്ങിയ നിർമ്മാണ സാധനങ്ങളുടെ സ്റ്റോക്ക് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഈ പണികളുടെ പൂർത്തിയായ ഘട്ടങ്ങളുടെ വിവരവും അതിന്റെ മൂല്യ നിർണ്ണയവും അളവു പുസ്തകങ്ങളും ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല.''

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 3(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-2004-ലെ ഇ-4517/2004 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

26. ''1997-98 വർഷം ആരംഭിച്ചതും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത വർഷം പൂർത്തിയാകാത്തതുകൊണ്ടാണ് മൂല്യനിർണ്ണയം നടത്താൻ കഴിയാതെ വന്നിട്ടുള്ളത്. ടി. പണികളെല്ലാം പിന്നീടുള്ള വർഷങ്ങളിൽ പൂർത്തിയാക്കിയിട്ടുള്ളതും മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതുമാണ്.''

27. എല്ലാ മരാമത്ത് പണികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്നും മൂല്യനിർണ്ണയം നടത്തി എം. ബുക്ക് അടുത്ത പരിശോധനയ്ക്ക് ഹാജരാക്കിയോ എന്നും സമിതി അന്വേഷിച്ചതിന് വലിയ പണികൾക്കു മാത്രമേ എം.ബുക്കു ഉള്ളു എന്ന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

28. 2,50,000 രൂപ എസ്റ്റിമേറ്റുള്ള ആവിക്കോട്-മുളയറ ഏലാ റോഡിന്റെ ഉദ്ധാരണ പണികൾക്കായി 4/98 മുതൽ 6/98 വരെ 2,09,873 രൂപ ഗഡുക്കളായി നല്കിയെന്നും ഇത് വലിയ പണിയല്ലേയെന്നും സമിതി ആരാഞ്ഞതിന് പല പണികൾക്കും എം. ബുക്കില്ലായെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

29. പണികളുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കുവാനും ഇവ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കുവാനും സമിതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

30. പരാമർശ വിധേയമായ പണികളുമായി ബന്ധപ്പെട്ട രേഖകൾ പുനഃ പരിശോധിച്ച് 15-2-2005-ലെ എൽ.എഫ്.23675/സ്പെ.സെൽ(ജി1)/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ആവിക്കോട് ജംഗ്ഷൻ-മുളയറ ഏലാ റോഡിന്റെ ഉദ്ധാരണ പണികളുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. എം. വിജയന് അനുവദനീയമായ 2,10,977 രൂപയ്ക്കു പകരം 2,20,635 രൂപ അനുവദിച്ചെന്നും 60,215 രൂപ 13-5-1998-ൽ നിർമ്മാണ സാധനങ്ങളുടെ വിലയായി കണ്ടിജന്റ് വൗച്ചർ എഴുതി 35,125 രൂപയുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചെക്ക് നമ്പരും തീയതിയുമില്ലെന്നും പ്രസ്തുത തുക വർക്ക്

ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നും 9-ാം വാർഡിൽ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അളവു പുസ്തകം 3/1998-99 പേജ് 1 മുതൽ 25 വരെ ആകെ മൂല്യം 1,65,173 രൂപ കണക്കാക്കി സാങ്കേതിക അനുമതി തുകയായ 1,65,037- രൂപയിൽ ക്രമപ്പെടുത്തി 5% അധികം (19-6-2003 ലെ കമ്മിറ്റി തീരുമാന പ്രകാരം) 8,252- രൂപ കൂട്ടി ഡിപ്പാർട്ട്മെന്റ് സപ്ലൈയായി വയർ കട്ട് ബ്രിക്സിന്റെ 9,000 രൂപ കുറച്ച് അഡ്വാൻസും പാർട്ട് ബില്ലുകളുമായി 1,04,000 രൂപ കുറവ് ചെയ്തിട്ട് ബാക്കി 60,289 രൂപയാണ് ഫൈനൽ ബിൽ പ്രകാരം കൺവീനർക്ക് അനുവദിച്ചതെന്നും ടി ചെലവിനങ്ങൾ സംബന്ധിച്ച 2000-2001-ൽ എടുത്ത എസ്റ്റിമേറ്റിന് അടിസ്ഥാനമായി ചെയ്ത ജോലിക്ക് 5% അധികം കൂട്ടി അനുവദിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം നൽകുന്ന സർക്കാർ വ്യവസ്ഥ ഇല്ലാതിരുന്നിട്ടും 8,252 രൂപ അധികം അനുവദിച്ചുവെന്നും എസ്റ്റിമേറ്റും പ്രോജക്റ്റും അംഗീകരിക്കുന്നതിന് മുമ്പ് അഡ്വാൻസ് തുക അനുവദിച്ചത് ക്രമരഹിതവും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധവുമാണെന്നും 25-6-1998-ൽ 2,685 രൂപ ടി ഇനത്തിൽ ചെലവ് ചെയ്തതായി ഓഡിറ്റ് റിപ്പോർട്ടിലും ഫയലിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വർക്ക് രജിസ്റ്ററിൽ ടി ചെലവ് രേഖപ്പെടുത്തിയിട്ടില്ലെന്നും നികുതി പിടിച്ചിട്ടില്ലെന്നും പുലമൺ സസ്യമാർക്കറ്റ് മതിൽ നിർമ്മാണം 29-4-2002-ൽ പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

31. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മേല്പറഞ്ഞ പിഴവുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പച്ചക്കറി കൃഷി-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി രേഖകളില്ല. നിയമപ്രകാരം ക്വട്ടേഷൻ, പത്രപ്പരസ്യം ഇവ നടത്തിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് രാസവളവും പച്ചക്കറി വിത്തും വാങ്ങി.

"പച്ചക്കറി കൃഷിയുടെ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി പദ്ധതി ഫണ്ടിൽ നിന്നും 1,24,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം 1000 ഗുണഭോക്താക്കൾക്കു 84 രൂപ വിലയുള്ള രാസവള കിറ്റും, 40 രൂപയുടെ പച്ചക്കറി കിറ്റും നൽകിയതിന്റെ കൈപ്പറ്റു രസീതുകൾ സൂക്ഷിച്ചിരിക്കുന്നു. പഞ്ചായത്തു കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി രേഖകളില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നേരിട്ടാണ്. 1,24,000 രൂപയുടെ പർച്ചേയ്സ് നടത്തിയത് 20,000 രൂപയ്ക്കു മുകളിൽ വന്ന പർച്ചേസിന്, നിയമ പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയോ പത്രപ്പരസ്യം നടത്തുകയോ ചെയ്തിട്ടില്ല. 84,000 രൂപയുടെ രാസവളവും, 40,000 രൂപയുടെ പച്ചക്കറി വിത്തു കിറ്റുകളും രണ്ടു സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ പോലും ക്ഷണിക്കാതെ കൃഷി ഓഫീസർ നേരിട്ടു വാങ്ങുകയാണു ചെയ്തത്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 3 (c)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-2004-ലെ ഇ-4517/2004 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

32. "1997-1998 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പച്ചക്കറി കൃഷി എന്ന പ്രോജക്റ്റിന്റെ നടത്തിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം കൃഷി ഓഫീസറോട് ആവശ്യപ്പെടുകയും ടിയാൻ വിശദീകരണം നൽകുകയും, ആയത് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്തു കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്കു മാത്രമേ ആനുകൂല്യം കൊടുത്തിട്ടുള്ളൂ എന്നും പദ്ധതി നടത്തിപ്പിനായുള്ള സമയ പരിമിതി മൂലമാണ് പത്രപരസ്യം കൂടാതെ ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തോടുകൂടി വിത്തും വളവും വാങ്ങിയതെന്നുമുള്ള കൃഷി ഓഫീസറുടെ വിശദീകരണം ശരിയാണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡികയിലെ ആഡിറ്റ് തടസം ഒഴിവാക്കുന്നതിന് ബഹു. ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതാണ്."

33. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം സർക്കാരിലേക്കയച്ചതെന്നാണെന്നും അതിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയെന്താണെന്നും സമിതിയാരാഞ്ഞതിന് മൂന്നു മാസത്തിനുള്ളിലാണ് അയച്ചതെന്നും ഇതുവരെയും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

34. കൃഷി ഓഫീസർ നേരിട്ട് 1,24,000 രൂപയുടെ സാധനങ്ങൾ വാങ്ങിയതിന് നിയമപ്രകാരമുള്ള ക്വട്ടേഷൻ ക്ഷണിക്കുകയോ പത്രപരസ്യം കൊടുക്കുകയോ ചെയ്തിരുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി ഗുണഭോക്തൃ സമിതികൾ വഴി പദ്ധതി നടപ്പിലാക്കുമ്പോൾ സ്റ്റോർ പർച്ചേസ് വ്യവസ്ഥകളിൽ നിന്ന് ഇളവുകൾ ഉണ്ടെന്ന വിശ്വാസത്തിലാണ് അങ്ങനെ ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

35. സമിതിക്ക് നല്കിയ മറുപടിയിൽ സമയപരിമിതി മൂലമാണ് പത്രപ്പരസ്യം നൽകാഞ്ഞതെന്നും പദ്ധതി നടപ്പാക്കാൻ 20 ദിവസത്തെ സമയം മാത്രമേ ലഭിച്ചിട്ടുള്ളെന്നും ഒന്നാം വർഷ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മുഴുവൻ തുകയും ചെലവഴിക്കണമെന്നും ഇല്ലെങ്കിൽ രണ്ടാം വർഷം പദ്ധതി വിഹിതം കുറയുമെന്നുള്ള പഞ്ചായത്തിന്റെ സമ്മർദ്ദമുണ്ടായിരുന്നെന്നും അതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും ഓഡിറ്റ് പരാമർശത്തിന് അന്നത്തെ പഞ്ചായത്ത് കമ്മിറ്റി വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് താൻ വിശദീകരണം നല്കിയിരുന്നെന്നും നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള സാധൂകരണം നേടുന്നതിനും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചിരുന്നു.

36. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-12-2005-ലെ 11181/എ3/05/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 21-11-2005-ലെ ജി.ഒ.(ആർ.റ്റി)4559/05/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറുടേയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചെലവിന് സാധൂകരണം നല്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

37. 21-11-2005-ലെ 4559/05/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ചട്ടവിരുദ്ധമായി നികുതി കുറവു ചെയ്തതു സംബന്ധിച്ച്

"1997-98 വർഷം പുതുതായി അസസ്സ് ചെയ്ത കെട്ടിട നികുതി, ബന്ധപ്പെട്ട രേഖകളൊന്നും തന്നെയില്ലാതെ ചട്ടവിരുദ്ധമായി കുറച്ചു കൊടുത്തതുമൂലം 1,22,561 രൂപ പഞ്ചായത്തിനു നഷ്ടമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നികുതി നിർണ്ണയിച്ചത് കുറച്ചു കിട്ടണമെന്ന് അപേക്ഷിച്ചു കൊണ്ടുള്ള കെട്ടിട ഉടമസ്ഥരുടെ റിവിഷൻ പെറ്റിഷനുകളോ അപ്പീൽ പെറ്റീഷനുകളോ പഞ്ചായത്തിൽ ലഭ്യമല്ല. കേരള പഞ്ചായത്ത് രാജ് 1996 (നികുതി നിർണയവും ഈടാക്കലും അപ്പീൽ) ലെ ചട്ടം 10(1), 12(2) ഇവ പ്രകാരം കെട്ടിട നികുതി സംബന്ധിച്ച് അപ്പീൽ പഞ്ചായത്ത് കമ്മിറ്റി ബോധിപ്പിക്കുമ്പോൾ ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെടുന്ന നികുതി കെട്ടിട ഉടമസ്ഥൻ പഞ്ചായത്തിൽ അടയ്ക്കേണ്ടതുണ്ട്. ഇതൊന്നും പാലിക്കാതെ തന്നെ നികുതി ഗണ്യമായി കുറച്ചു കൊടുത്തതു വഴി 1997-98 മുതൽ 1999-2000 വരെ പഞ്ചായത്തിനുണ്ടായ നഷ്ടം. 1,16,725 രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ ഉണ്ടായ നഷ്ടം 5,836 രൂപയും ഉൾപ്പെടെ മൊത്തം 1,22,561 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 8 (a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-2004-ലെ ഇ-4517/04 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

38. "1997-98 കാലയളവിനു മുമ്പ് അസസ്സ് ചെയ്ത ചില കെട്ടിടങ്ങളുടെ കെട്ടിട നികുതി അന്നത്തെ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വളരെ കുറവാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ആയത് 1997-98 വർഷം പുനർനിർണ്ണയിച്ചു നൽകി. എന്നാൽ പുനർ നിർണ്ണയിച്ച കെട്ടിട നികുതി വളരെ കൂടുതലാണെന്നും മറ്റ് ആവലാതികൾ നിരത്തിയും ചില ഉടമകൾ കമ്മിറ്റിക്കും, സ്റ്റാന്റിംഗ് കമ്മിറ്റിക്കും പെറ്റീഷനും, അപ്പീലും നൽകി. ആയത് പെറ്റീഷനുകളും, അപ്പീലും സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും പരിശോധിച്ചും ആവലാതികൾ കേട്ടും വർദ്ധിപ്പിച്ച നികുതിയിൽ കുറവുകൾ വരുത്തേണ്ട ആവശ്യകത ഉണ്ടെന്നു ബോദ്ധ്യപ്പെടുകയും പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കുറ്റമറ്റ രീതിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി കെട്ടിട നികുതിയിൽ കുറവുകൾ വരുത്തി നൽകിയിട്ടുള്ളതുമാണ്."

39. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ എന്തു കൊണ്ടാണ് ഓഡിറ്റിന് നല്കാഞ്ഞതെന്നും നികുതിയടയ്ക്കുന്നതിന് നോട്ടീസ് കൊടുത്തു കഴിഞ്ഞാൽ നികുതി പൂർണ്ണമായും അടച്ചതിനു ശേഷമല്ലേ പുനപരിശോധി ക്കേണ്ടതെന്നും റിവിഷൻ പെറ്റീഷന്റെ പകർപ്പുണ്ടോയെന്നും സമിതി അന്വേഷിച്ചതിന് സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ടാക്സ് ഈടാക്കിക്കൊണ്ടിരുന്നതെന്നും തീരുമാനങ്ങളെ സംബന്ധിച്ച ഫയലുണ്ടെന്നും നികുതി കുറച്ചു കൊടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമുണ്ടായിരുന്നെന്നും റിവിഷൻ പെറ്റീഷന്റെ കോപ്പിയില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

40. ഇതു സംബന്ധിച്ച ഫയലുകൾ വിശദമായി പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

41. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പി. വി. എലിസബത്തിന് നിർദ്ദേശം നൽകിയിരുന്നിട്ടും ആയത് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെയിപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

തൊഴിൽ നികുതി പിരിവിൽ നഷ്ടം

"1996-97 രണ്ടാം അർദ്ധ വർഷത്തിൽ ചില സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പിരിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യാതിരുന്നതുമൂലം സമയപരിധി കഴിഞ്ഞുപോയതിനാൽ 1,88,105 രൂപ പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. ഇതു കൂടാതെ കൊട്ടാരക്കര, കെ.എസ്.ആർ.ടി.സി.യിൽ നിന്നും തൻവർഷം തൊഴിൽ നികുതിയിനത്തിൽ 5,575 രൂപയും കുടിശ്ശികയുള്ളത് സമയ പരിധി കഴിഞ്ഞതിനാൽ നിയമനടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 8 (b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-2004-ലെ ഇ-4517/04 നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

42. "1996-97 രണ്ടാം അർദ്ധ വർഷം ചില സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനുള്ള തൊഴിൽ നികുതിയുടെ 90% വും ഈടാക്കിയിട്ടുണ്ടെന്നും, അവശേഷിക്കുന്ന നികുതി എല്ലാം തന്നെ ഈ സാമ്പത്തിക വർഷം ഈടാക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു."

43. 1996-97-ൽ നികുതി പിരിവിന്റെ ചുമതല ആർക്കായിരുന്നെന്നും അന്നത്തെ സെക്രട്ടറിയാരായിരുന്നെന്നും സമിതിയാരാഞ്ഞതിന് നികുതി പിരിവിന്റെ ചുമതല ഹെഡ് ക്ലാർക്കിനോ സൂപ്രണ്ടിനോ ആയിരിക്കുമെന്നും സെക്രട്ടറിക്ക് മേൽനോട്ടം മാത്രമേയുള്ളെന്നും അന്നത്തെ സെക്രട്ടറി അബ്ദുൾ അസീസ് ആയിരുന്നുവെന്നും കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

44. 1996-1997 വർഷത്തെ നികുതി സംബന്ധമായ എല്ലാ ഫയലുകളും പഞ്ചായത്ത് ഡയറക്ടർക്ക് നല്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്കും ഫയലുകൾ പരിശോധിച്ച് നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തി ഒരു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നല്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും സമിതി നിർദ്ദേശം നല്കിയതിന് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്കുറപ്പും നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

45. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തുകൾ അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നുണ്ടെന്നും ആഡിറ്റിന് മറുപടി നല്കുന്നതിലെ പുരോഗതി വിലയിരുത്തുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ട പഞ്ചായത്ത് ഭരണ വകുപ്പും ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. സമിതി നിർദ്ദേശിക്കുന്ന തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾക്കു പോലും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുടിവെള്ളത്തിനായി പൊതു കിണർ കുഴിക്കൽ—പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

"ഈ പദ്ധതിയിലേക്ക് പദ്ധതി വിഹിതമായി 2,00,000 രൂപയും തനതു ഫണ്ടിൽ നിന്നും 3,50,000 രൂപയും സന്നദ്ധസേവനം സംഭാവന ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപ വക കൊള്ളിച്ചിരുന്നു. ഒരു കിണറിനു 20,000 രൂപ പ്രകാരം 30 കിണർ ഗുണഭോക്താക്കളുടെ ആവശ്യത്തിനു നിർമ്മിച്ചു കൊടുക്കുക എന്നതായിരുന്നു പദ്ധതി. എന്നാൽ പദ്ധതി വിഹിതം 5,00,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടു ടി പദ്ധതി

പുതുക്കിയതായി കാണുന്നു. ഈ മാറ്റത്തിനു അംഗീകാരം വാങ്ങിയിട്ടില്ല. പുതിയ എസ്റ്റിമേറ്റ് തുകയിൽ പദ്ധതി വിഹിതം ഗുണഭോക്തൃ വിഹിതം പഞ്ചായത്തു വിഹിതം എന്നിവ വ്യക്തമാക്കിയിട്ടുമില്ല. മാത്രവുമല്ല പദ്ധതിരേഖ അവ്യക്തവുമാണ്. കുഴിച്ച കിണറുകളുടെ സ്ഥലങ്ങളെ സംബന്ധിച്ചും ഗുണഭോക്താക്കളെ സംബന്ധിച്ചും ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. പുറംപോക്കുകളിൽ കുഴിച്ച പൊതു കിണറുകൾക്കു ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരം ലഭ്യമായിട്ടില്ല. കിണറുകളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയിൽ 32 കിണറുകളുടെ നിർമ്മാണം ആരംഭിച്ചതായാണു മൊബിലൈസേഷൻ ഫണ്ടിന്റെ വിതരണത്തിൽ നിന്നും മനസ്സിലാക്കുന്നുത്. അനുവദനീയമായ പരമാവധി 5,000 രൂപയുടെ മൊബിലൈസേഷനു പകരം 12,000 രൂപ വരെ നൽകിയ നിർമ്മാണങ്ങൾ കാണുന്നു. 5,67,401 രൂപ ചെലവായ ഈ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ലഭ്യമല്ല."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 4 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ C2-105/2001 നമ്പർ കത്ത് പ്രകാരം ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

47. "1997-98 വർഷം പദ്ധതി വിഹിതം 2,00,000 രൂപയും തനത് ഫണ്ട് 3,50,000 രൂപയും സന്നദ്ധ സേവനം, സംഭാവന എന്നീ ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപ മുടക്കി പഞ്ചായത്ത് പൊതു കിണറുകൾ കുഴിക്കാൻ പ്രോജക്ട് വച്ചിരുന്നു. ഈ കിണറുകൾ കുഴിച്ചത് പഞ്ചായത്തിന്റെ വക റോഡിന്റെ സൈഡിലുള്ള പഞ്ചായത്തു വക സ്ഥലത്തും, പഞ്ചായത്തുവക കോളനികളിലും, ഒരു അംഗൻവാടി നിൽക്കുന്ന സ്ഥലത്തും പൊതുജനങ്ങൾക്ക് വെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുന്ന ഒരു സ്ഥലം എന്ന നിലയിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ജനത്തിന് വെള്ളം കോരത്തക്ക രീതിയിൽ ഒരു കിണറും ഉൾപ്പെടെ ആകെ 32 കിണറുകൾ പഞ്ചായത്ത് നിർമ്മിക്കുവാൻ പദ്ധതിയിട്ടിട്ടുള്ളൂ. ഈ സമയം പ്രോജക്ടിൽ വച്ചിരുന്ന തനതു ഫണ്ട് പഞ്ചായത്തിന്റെ അപ്പോഴത്തെ ധനസ്ഥിതി അനുസരിച്ച് എടുക്കുവാൻ ഇല്ലാത്തതുകൊണ്ടും, സന്നദ്ധസേവനം, സംഭാവന എന്നിവ പൊതു ആവശ്യമായതിനാൽ ജനങ്ങളിൽ നിന്നും കിട്ടുവാൻ ബുദ്ധിമുട്ടുള്ളതു കൊണ്ടും ഈ പ്രോജക്ട് മാറ്റി പദ്ധതി വിഹിതം 5,00,000 രൂപയും ബാക്കി തനതു ഫണ്ടുമാക്കി പ്രോജക്ട് മാറ്റി കൊടുക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് എഴുതി ബ്ലോക്കു വഴി D.P.C.യ്ക്കു കൊടുത്തു. D.P.C.യുടെ അംഗീകാരം കിട്ടുമെന്നുള്ള നിലയിൽ ടി. പ്രോജക്ടിൽ പറഞ്ഞിട്ടുള്ള 32 കിണറുകളും പൂർത്തീകരിച്ചു. എന്നാൽ D.P.C.യുടെ അനുവാദം പ്രോജക്ടു ഫയലിൽ കാണുന്നില്ലയെന്നുള്ളത് സത്യമാണ്. എന്നാൽ സാങ്കേതിക വിഭാഗം എഴുതി പഞ്ചായത്തിൽ തന്നിട്ടുള്ള എം. ബുക്ക്, വർക്ക് ബിൽ എന്നിവ ആഡിറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കിണർ കുഴിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും ഫയലിൽ ഇല്ല. അത് ഇനി ശരിയാക്കി വാങ്ങിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ട്. മാത്രമല്ല കുടിവെള്ള ക്ഷാമം വളരെ കൂടുതൽ ഉള്ള സ്ഥലത്ത് പഞ്ചായത്തിന്റെ ആസ്തികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന നിലയിൽ ആണ് ടി കിണറുകൾ നിർമ്മിച്ചിട്ടുള്ളതും, പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിർമ്മിച്ച

കിണർ ഒഴികെ ബാക്കി കിണറുകൾ എല്ലാം തന്നെ ചാത്തന്നൂർ ഗ്രാപഞ്ചായത്തിന്റെ സ്ഥിരം ആസ്തിയിൽ ഉൾപ്പെടുത്തുന്നതും, ടി കിണറുകൾ അന്ന് നിർമ്മിച്ചതുകൊണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ 20% കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതിയിൽ പുതുക്കി അംഗീകരിച്ച പ്രോജക്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് ഇല്ലായെന്നുള്ളതാണ് ആഡിറ്റിൽ പ്രാധാനമായും കുറ്റം കണ്ടുപിടിച്ചിട്ടുള്ളത്. എന്നാൽ ഇതിൽ യാതൊരുവിധ സാമ്പത്തിക ക്രമക്കേടുകളും നടക്കാത്തതു കൊണ്ടും, ചെലവായ തുകയ്ക്കു പണി ചെയ്തിട്ടുണ്ട് എന്നുള്ള സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ രേഖകൾ ഉള്ളതുമാണ് എന്നുള്ള വിവരം അനന്തര നടപടിക്കായി സമർപ്പിച്ചുകൊള്ളുന്നു."

48. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ ഈ പദ്ധതി നടപ്പിലാക്കിയതിന് കാരണമെന്താണെന്നും ഇതു സംബന്ധിച്ച എം. ബുക്കുണ്ടോയെന്നും സമിതിയാരാഞ്ഞതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ പകർപ്പും എം. ബുക്കും ഉണ്ടെന്ന് ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കണമെന്നും ഇതു പരിശോധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും സമിതി നിർദ്ദേശിച്ചതിന് റിപ്പോർട്ട് ലഭ്യമാക്കാം എന്ന് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് ഉറപ്പു നല്കിയിരുന്നു.

49. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1-1-2005-ലെ എൽ.എഫ്.ക്യു.പി.ജി.1339/04 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 32 കിണറുകളുടേയും പൂർത്തീകരണ സർട്ടിഫിക്കറ്റും കിണറുകളുടെ സ്ഥലങ്ങളെ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടുണ്ടെന്നും പദ്ധതി വിഹിതം 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതുക്കിയ പദ്ധതി പരിശോധനയ്ക്ക് ഹാജരാക്കിയെന്നും ഹാജരാക്കിയ രേഖകളുടെയും സെക്രട്ടറിയുടെ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ മേൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നാണ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

50. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പട്ടികജാതി/ദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ വിളക്ക് വിതരണം

"അടങ്കൽ തുക 5,80,000 രൂപ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമായി സമാഹരിച്ച 3,43,000 രൂപയും പദ്ധതി വിഹിതം 2,37,000 രൂപയും ചേർത്ത് സൗരോർജ വിളക്കുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 1998-1999 വർഷത്തെ സബ്സിഡി നിരക്കുകൾ നിർണ്ണയിച്ചുകൊണ്ടുള്ള 20-8-1998-ലെ ജി.ഒ.(പി)

നമ്പർ 175/98/എൽ.എ.ഡി. ഉത്തരവു പ്രകാരവും 10-9-1998-ലെ 37804/പി3/98/എൽ.എ.ഡി. സർക്കുലർ പ്രകാരവും സൗരോർജ വിളക്കുകൾക്ക് സബ്സിഡി നൽകാൻ അനുവാദമില്ല. പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുളള ഇനങ്ങൾക്കല്ലാതെ സബ്സിഡി അനുവദിക്കുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുളള അനുമതി നേടിയിരിക്കണമെന്നും അല്ലാത്തപക്ഷം തുക ദുർവിനിയോഗം ചെയ്തതായി കണക്കാക്കുമെന്നും ഉത്തരവിൽ വ്യക്തമായിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം വ്യക്തിഗത ആനുകൂല്യമായി വിതരണം അനുവദനീയമല്ലാത്ത ആസ്തികളിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പദ്ധതി തുകയിൽ നിന്ന് സബ്സിഡി അനുവദിച്ച് ചെലവഴിച്ച 2,37,000 രൂപ ധനദുർവിനിയോഗമായി കണക്കാക്കുന്നു.”

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ KP2-334/04 നമ്പർ കത്ത് പ്രകാരം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

51. “കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 1998-99 വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കിയ റോസ്മലയിലെ 126 ദുർബല കുടുംബങ്ങൾക്കും 74 പട്ടികജാതി കുടുംബങ്ങൾക്കും സൗരോർജ്ജ വിളക്കുകൾ നൽകുന്ന പദ്ധതിയ്ക്ക് പദ്ധതി വിഹിതമായി 2,37,000 രൂപ ചെലവഴിച്ച് 20-8-1998 G.O.(P) 175/98/ LAD പ്രകാരം സൗരോർജ്ജ വിളക്കുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ സബ്സിഡി നൽകാൻ അനുവാദമില്ല എന്ന കാരണത്താൽ ആഡിറ്റ് തടസ്സം ഉന്നയിച്ചു. വൈദ്യുതി എത്താത്ത പട്ടികജാതി പട്ടികവർഗ്ഗ ദുർബല വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ അനർട്ട് മുഖേന നടപ്പാക്കുന്ന സൗരോർജ്ജ വിളക്ക് വിതരണത്തിനു 2000-2001 മുതൽ സബ്സിഡി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1998-1999 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/ദുർബല വിഭാഗങ്ങൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗരോർജ്ജ വിളക്ക് വാങ്ങി നൽകിയ നടപടി അംഗീകരിച്ച് ഉത്തരവുണ്ടാകുന്നതിന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ച് അംഗീകരിച്ചു.

52. പ്രസ്തുത പദ്ധതിക്കുള്ള സബ്സിഡി ലഭിക്കുവാൻ സർക്കാരിലേക്ക് അയച്ചതിന് എന്തു മറുപടി ലഭിച്ചെന്നും ഈ വിളക്കെല്ലാം പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് നല്കിയിട്ടുണ്ടോയെന്നും ആകെയെത്ര പേർക്കാണ് കൊടുത്തതെന്നും സമിതിയാരാഞ്ഞതിന് സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച് മറുപടി ലഭിച്ചിട്ടില്ലെന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാണ് വിളക്ക് നല്കിയതെന്നും ബന്ധപ്പെട്ട ഇഷ്യൂ രജിസ്റ്ററിൽ ഒപ്പിട്ടിട്ടുണ്ടെന്നും 200 പേർക്ക് വിളക്ക് കൊടുത്തിട്ടുണ്ടെന്നും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

53. ഇഷ്യു രജിസ്റ്ററിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് പോയി ഇതേക്കുറിച്ചന്വേഷിച്ചും ഇതു സംബന്ധിച്ച രേഖകൾ മുഴുവൻ പരിശോധിച്ചും റിപ്പോർട്ട് നല്കുവാൻ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് സമിതി നിർദ്ദേശം നല്കിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

54. പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഗുണഭോക്താക്കളായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പിരിഞ്ഞു കിട്ടിയെന്നതും വിളക്കുകളുടെ പ്രവർത്തനക്ഷമതയെപ്പറ്റി ഒരു പരാതി പോലും ലഭിച്ചില്ലെന്നതും ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന കാര്യത്തിൽ സംശയമുണർത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് സമിതി കരുതുന്നു.

55. പ്രസ്തുത പദ്ധതി സംബന്ധിച്ച ഭൗതിക പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഇ. വി. സുപ്രഭാദേവിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാൻ കൂട്ടാക്കാത്ത ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാനും ശുപാർശ ചെയ്യുന്നു.

## പൂതക്കുളം ഗ്രാമപഞ്ചായത്ത് 1998–1999

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം-പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പദ്ധതി

"പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രീടെസ്റ്റ് നടത്തി കണ്ടുപിടിച്ച് നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രോജക്ടാണിത്. വിവിധ ഭാഗങ്ങളിലായി ആകെ 75,034 രൂപയാണ് പ്രോജക്ടിനു നീക്കിവച്ചത്. അദ്ധ്യാപക സംഗമം നടത്തുന്നതിനായി 1,000 രൂപ പ്രോജക്ട് റിപ്പോർട്ടിൽ നീക്കിവച്ചിരുന്ന സ്ഥാനത്ത് 11,236 രൂപ ചെലവായതായി കണ്ടെത്തി. എന്നാൽ പ്രധാന ഇനമായ പ്രീടെസ്റ്റും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. 1-4-1998-ൽ നീക്കിയിരിപ്പുണ്ടായിരുന്ന 45,926 രൂപയിൽ 10,736 രൂപ മാത്രമാണ് 1998-99-ൽ ചെലവാക്കിയത്. കൃത്യമായ പ്ലാനിംഗും മോണിട്ടറിംഗും ഇല്ലാതെ നടപ്പിലാക്കാൻ ശ്രമിച്ച ഈ പ്രോജക്ട് തികഞ്ഞ പരാജയമാണെന്ന നിഗമനത്തിലെത്തുന്നു."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 13-12-2004-ലെ എ4-10187/04 നമ്പർ കത്ത് പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :

56. "ആഡിറ്റ് റിപ്പോർട്ട് 28-8-2000-ൽ നടന്ന പൂതക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ II (1) തീരുമാനപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിന്മേൽ തീരുമാനങ്ങൾ സ്വീകരിച്ചിട്ടുള്ളതുമാണ്."

57. ഖണ്ഡികയിൽ പരാമർശിക്കുന്ന നീക്കിയിരിപ്പ് തുകയായ 35,190 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ സൗത്ത് LPS HMന്റെ Plan PD A/c ൽ നിന്നും പഞ്ചായത്ത് സെക്രട്ടറിയുടെ PD A/c ലേയ്ക്കു മാറ്റിയിട്ടുണ്ട്.

58. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ വർഷം 1998-99 ആയിരുന്നു. 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള ആദ്യ മറുപടി 18-9-2000-ലെ എ-280/2004 നമ്പർ കത്ത് പ്രകാരം കൊല്ലം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്കു നൽകിയിട്ടുള്ളതാണ്."

59. പ്രസ്തുത പദ്ധതി പ്രകാരം പ്രീ ടെസ്റ്റ് നടത്തിയില്ലെന്നും അദ്ധ്യാപക സംഗമത്തിനായി 11,236 രൂപ ചെലവാക്കിയെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ ക്കുറിച്ചെന്താണ് പറയുവാനുള്ളതെന്ന് സമിതിയാരാഞ്ഞതിന് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീ-ടെസ്റ്റ് നടത്തി പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ളതായിരുന്നു അദ്ധ്യാപക സംഗമമെന്നും പൂതക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ചോദ്യപേപ്പർ അച്ചടിച്ച് ഏഴ് സ്കൂളുകളിലെ ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി പരീക്ഷ നടത്തി മൂല്യനിർണ്ണയവും നടത്തിയെന്ന് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് സമിതിയെ അറിയിച്ചു. ബാക്കി തുക എന്തു ചെയ്തുവെന്ന സമിതിയുടെ ചോദ്യത്തിന് ബാക്കി തുക പ്ലാൻ പി.ഡിയിൽ അടച്ച് ട്രഷറി ബുക്കും പാസ്സ് ബുക്കുമെല്ലാം ട്രഷറിയിൽ എൽപ്പിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു.

60. സമിതി നിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ 1-1-2005-ലെ എൽ.എഫ്.ക്യു.പി.ജി. 1339/04 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 23-12-2004-ലെ VII(1) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം തടസ്സം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കൃത്യമായ പ്ലാനിംഗും മോണിട്ടറിംഗും ഇല്ലാതിരുന്നതുമൂലം പ്രോജക്ട് വിജയിച്ചില്ല എന്ന ഓഡിറ്റ് വിലയിരുത്തൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നും തടസം ഒഴിവാക്കുന്നതിനുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടി അവസാനിപ്പിക്കാവുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

61. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഇട്ടിവ ഗ്രാമ പഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക്-വയറിംഗ് കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന രൂപ 25,000

"ദുർബല വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് ഇലക്ട്രിക് വയറിംഗ് നടത്തിക്കൊടുക്കുന്നതിനുള്ള ഈ പ്രോജക്ടിന്റെ അടങ്കൽ തുക ഒരു ലക്ഷം രൂപ (പഞ്ചായത്തു ഫണ്ട് 50,000 രൂപ ഗുണഭോക്തൃ വിഹിതം 50,000 രൂപ)

85 ഗുണഭോക്താക്കളിൽ നിന്നും 42,500 രൂപ ഗുണഭോക്തൃവിഹിതമായി ലഭിച്ച പ്രോജക്ട് പ്രകാരം മൽസരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് വയറിംഗിന് ആവശ്യമായ സാധനങ്ങൾ വാങ്ങുവാനും ക്വട്ടേഷനുകളിലൂടെ തന്നെ ലൈസൻസികളെ കണ്ടെത്തി വയറിംഗ് ജോലി പഞ്ചായത്ത് സമിതിയുടെ മേൽനോട്ടത്തിൽ നടത്തുവാനുമാണ് വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്തൃസമിതി മുഖേന നടത്തുന്ന പണികൾക്കല്ലാതെ കരാറുകാർക്ക് മുൻകൂർ ധനസഹായം നൽകുന്നത് അനുവദനീയമല്ല എന്നിരിക്കെ (ആർട്ടിക്കിൾ 192 കെ.എഫ്.സി) ചെയ്യേണ്ട ജോലിയുടെ വിശദവിവരം, ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം ജോലി പൂർത്തിയാക്കേണ്ട തീയതി ഇവ വ്യക്തമാക്കുന്ന രേഖാമൂലമുള്ള കരാർ ഇല്ലാതെയും മതിയായ സെക്യൂരിറ്റി വാങ്ങാതെയും പണി തുടങ്ങുന്നതിനു മുമ്പുതന്നെ 25,000 രൂപ കരാറുകാരന് നൽകിയതായി കണ്ടെത്തി നിലവിലുള്ള ചട്ടങ്ങൾ പാലിക്കാതെ കരാറുകാരന് നൽകിയ ഈ തുക നിരാകരിക്കുന്നു. "

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 13-12-2004-ലെ എ2 – 254/04 നമ്പർ കത്തുപ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

62. "ഇട്ടിവ ഗ്രാമപഞ്ചായത്തിലെ 1998/99 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ പാര 37 പ്രകാരമാണ് ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക് വയറിംഗ് കരാറുകാരന് നൽകിയ മുൻകൂർ തുക 25,000 രൂപ നിരാകരിച്ചിട്ടുള്ളത്. ഈ ആഡിറ്റ് പരാമർശം ഒഴിവാക്കിക്കിട്ടുന്നതിലേക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വനരാജൻ പേർക്ക് 29-11-2003-ലെ എ1- 236/00 നമ്പർ രജിസ്ട്രേഡ് കത്ത് നൽകിയിട്ടുള്ളതിന് ടിയാനിൽ നിന്ന് വിശദീകരണം ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന്റെ ബാദ്ധ്യതയായി ഉൾപ്പെടുത്തി ബാദ്ധ്യതാ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് നൽകിയിട്ടുള്ളതാണ്."

63. പദ്ധതി നടപ്പാക്കിയ കാലയളവിലെ സെക്രട്ടറി ആരായിരുന്നെന്നും എന്തുകൊണ്ടാണ് പണി തുടങ്ങുന്നതിന് മുമ്പ് കരാറുകാരന് ഇത്രയും തുക മുൻകൂർ നൽകിയതെന്നും ഇതിന്റെയിപ്പോഴത്തെ അവസ്ഥയെന്താണെന്നും സമിതി ആരാഞ്ഞതിന്, അന്ന് സെക്രട്ടറിയായിരുന്ന ശ്രീ. വനരാജനാണ് തുക നൽകിയതെന്നും പണി പൂർത്തീകരിച്ചിട്ടില്ലെന്നും മുൻ സെക്രട്ടറി വിരമിച്ചെങ്കിലും പെൻഷൻ നൽകിയിട്ടില്ലെന്നും തുക ടിയാന്റെ ബാദ്ധ്യതയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

64. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാന്റെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന് ബാദ്ധ്യതാ സർട്ടിഫിക്കറ്റാണെങ്കിൽ ഡി. സി. ആർ. ജി. യിൽ നിന്നും പിടിക്കാമെന്നും ഫയൽ വിശദമായി പരിശോധിച്ച് നടപടിയെടുക്കാമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

65. ഗുണഭോക്തൃവിഹിതമായി കിട്ടിയ തുക എന്തുചെയ്തുവെന്നും ഇതു സംബന്ധിച്ച ഫയൽ സെക്രട്ടറി പരിശാധിച്ചിരുന്നോ എന്നും സമിതിയാരാഞ്ഞതിന് ഗുണഭോക്തൃവിഹിതം പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഫയൽ കിട്ടിയിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

66. പട്ടികജാതി/പട്ടികവർഗ്ഗ, ദുർബല വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ഗുണഭോക്തൃ വിഹിതമായി തുക പിരിച്ചെടുക്കുകയും പദ്ധതി നടപ്പാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കൊല്ലം ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറും സംയുക്തമായി ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ. വിശദമായ റിപ്പോർട്ട് നൽകുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതിക്ക് ആവശ്യമായ വിവരങ്ങൾ നൽകാതിരുന്ന സെക്രട്ടറിയ്ക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും സമിതി നിർദ്ദേശം നൽകിയിരുന്നു.

67. സമിതി നിർദ്ദേശപ്രകാരം രേഖകൾ പരിശോധിച്ച് 17-1-2006-ലെ പി.എ4.1921/04 നമ്പർ കത്തുപ്രകാരം കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പണി ക്വട്ടേഷൻ വിളിച്ചതു സംബന്ധിച്ചുള്ള ഫയൽ പരിശോധനയ്ക്ക് ലഭിയ്ക്കാത്തതിനാൽ ക്വട്ടേഷൻ വിളിച്ചതു സംബന്ധിച്ചുള്ള ന്യൂനതകളെക്കുറിച്ച് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ ടി പ്രോജക്ട് തുടർന്ന് നടപ്പാക്കിയതു സംബന്ധിച്ചുള്ള പഞ്ചായത്ത് രേഖകൾ പരിശോധിച്ചെന്നും പഞ്ചായത്തിന്റെ 18-9-2000-ലെ (15)-ാം നമ്പർ തീരുമാനത്തിൽ ടി പ്രോജക്ട് പ്രകാരം വീടുകളുടെ വയറിംഗ് ഇനിയും പൂർത്തിയാക്കാത്തവ അതാത് ഗുണഭോക്താക്കൾ നേരിട്ടോ ഗുണഭോക്താക്കളുടെ സമിതികൾ വഴിയോ പൂർത്തീകരിച്ച് വരുന്ന മുറയ്ക്ക് നേരിട്ട് പണം നൽകുന്നതിന് തീരുമാനിച്ചിരുന്നെന്നും അതനുസരിച്ച് മൂന്ന് വീടുകൾ ഗുണഭോക്താക്കൾ നേരിട്ടും പതിമൂന്ന് വീടുകൾ ഗുണഭോക്തൃസമിതികൾ വഴിയും അറുപത്തിഒൻപത് വീടുകൾ ടി കോൺട്രാക്ടർ ഭാസ്ക്കരൻ നായർ വഴിയും വയറിംഗ് പൂർത്തീകരിച്ച് ബന്ധപ്പെട്ട ഇലക്ട്രിക് സെക്ഷനുകളിൽ സി.ഡി.അടച്ച് രസീതുകൾ ഹാജരാക്കി തുക കൈപ്പറ്റിയിട്ടുള്ളതാണെന്നും ടി വസ്തുതകളുടെ വെളിച്ചത്തിൽ 9-2-99 -ൽ പണിയ്ക്ക് കോൺട്രാക്ടർക്ക് നൽകിയ മുൻകൂർ തുക രൂപ 25,000, 29-3-2000-ൽ ക്രമീകരിച്ചിട്ടുള്ളതാണെന്നും ഓഡിറ്റ് നടന്ന സമയത്ത് ഈ വിവരങ്ങൾ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

68. കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് 22-12-04-ൽ സമിതി നടത്തിയ തെളിവെടുപ്പു വേളയിൽ ഇട്ടിവ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഒരു ഓഡിറ്റ് പരാമർശം സംബന്ധിച്ച് രേഖകൾ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഡെപ്യൂട്ടി ഡയറക്ടറോടും സമിതിയ്ക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാതിരുന്ന സെക്രട്ടറിക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയത് 17-1-2006-ൽ മാത്രമാണ്. സെക്രട്ടറിക്കെതിരെ സമിതിനിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അനാവശ്യമായ കാലതാമസം വരുത്തി കുറ്റക്കാർക്ക് രക്ഷപ്പെടുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതായും അതുവഴി

ഭരണവകുപ്പ് അഴിമതിയും അനാസ്ഥയും ഉത്തരവാദിത്വമില്ലായ്മയും തുടരുന്നതിന് പ്രോത്സാഹനം നൽകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഞ്ചായത്ത് ഭരണവകുപ്പ് അടിയന്തിരമായി അഴിച്ചുപണിയുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സർക്കാർ തലത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

69. കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ക്വട്ടേഷന്റെ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 9-2-1999-ൽ മുൻകൂർ നൽകിയ തുക 29-3-2000-ൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് നടന്ന സമയത്ത് ഇവ ഓഡിറ്റ് വകുപ്പുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ലെന്നും അറിയിച്ചിരിക്കുന്നതല്ലാതെ ഫയൽ കണ്ടുപിടിക്കാനോ അത് നഷ്ടപ്പെടുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ഓഡിറ്റ് രേഖകൾ കൃത്യമായി ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനോ എന്തെങ്കിലും നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനുമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയോ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നതായി കാണുന്നില്ല. ഇത് പലപ്പോഴും ഓഡിറ്റിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഫയൽ കണ്ടെത്തുവാനും ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും ഓഡിറ്റിന് യഥാസമയം രേഖകൾ ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

70. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടികൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തിയാക്കിയിരിക്കണമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ്/ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും ഇതിനു വിരുദ്ധമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സമയബന്ധിതമായി വകുപ്പുതല നടപടി സ്വീകരിക്കുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ടി ഉദ്യോഗസ്ഥരിലും ബാദ്ധ്യത ചുമത്തി ഉത്തരവു പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

71. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്തുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും ലോക്കൽ ഫണ്ട് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

## തഴവ ഗ്രാമപഞ്ചായത്ത് 1998-99

**ഓഡിറ്റ് ഖണ്ഡിക**

മരാമത്ത് പണികൾക്ക് നൽകിയ മുൻകൂറുകൾ സംബന്ധിച്ച്

(i) 1997-98 വർഷത്തെ പദ്ധതി വിഹിതമുപയോഗിച്ച് നടത്താൻ ഉദ്ദേശിച്ചിരുന്ന 1,01,000 രൂപ എസ്റ്റിമേറ്റുള്ള മണപ്പള്ളി തെക്ക് ചക്കാലമുക്ക്-ലക്ഷം വീട് കോളനി റോഡ്

ടാർ ചെയ്യുന്നതിന് ഗുണഭോക്തൃസമിതി കൺവീനർക്ക് 31-3-1998-ൽ 25,000 രൂപ നൽകിയിരുന്നു. ടി പണി തുടങ്ങാതിരുന്നിട്ടും മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല.

(ii) 50,000 രൂപ എസ്റ്റിമേറ്റിൽ താനുവേലിക്കുളം-ചാലപ്പള്ളി ഏഴിത്തോട് ഓടയുടെ പണിയ്ക്കായി ഗുണഭോക്തൃസമിതി കൺവീനർക്ക് 30-6-1998-ൽ നൽകിയ 12,500 രൂപയും പണി നടക്കാത്തതിനാൽ തിരികെ ഈടാക്കേണ്ടതായുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.7]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-2004-ലെ റ്റി2 – 717/04 നമ്പർ കത്തുപ്രകാരം തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

72. "1997-98 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് മണപ്പള്ളി തെക്ക് ചക്കാലമുക്ക് കുറ്റിയിൽ ലക്ഷം വീട് കോളനിറോഡ് ടാർ ചെയ്യുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 31-3-98-ൽ 25,000 രൂപ മുൻകൂറായി നൽകിയെങ്കിലും ടിയാൻ റോഡുപണി നടത്തിയില്ല. അങ്ങനെ പണി നടത്താതിരുന്ന സാഹചര്യത്തിൽ കൺവീനർക്ക് നോട്ടീസ് നൽകുകയും, റവന്യൂ റിക്കവറി നടപടി സ്വീകരിച്ചപ്പോൾ അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ OP 8423/00 ആയി കേസ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിക്കുകയും ചെയ്തു. ഇതുവരെയും കേസ് തീർപ്പാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും ഹൈക്കോടതിയിൽ അർജന്റ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. കോടതിയിൽ കേസ് തീർപ്പാകാത്ത സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് കഴിയുന്നില്ല.

73. താനുവേലിക്കുളം പാലപ്പള്ളി ഏലാത്തോട് ഓടയുടെ പണിക്കായി ഗുണഭോക്തൃ സമിതി കൺവീനർക്ക് മുൻകൂറായി 30-6-1998-ൽ നൽകിയ 12,500 രൂപ ടിയാൻ പണി നടത്താത്തതിനാൽ ടി തുക പലിശ സഹിതം 16,988 രൂപ 6-4-2002-ൽ തിരിച്ചടച്ചിട്ടുണ്ട്."

74. ഗുണഭോക്തൃ സമിതി കൺവീനർ ആരായിരുന്നെന്നും തുക തിരിച്ചു കിട്ടിയോയെന്നും ഇപ്പോഴത്തെയവസ്ഥയെന്താണെന്നും സമിതിയാരാഞ്ഞതിന് ശ്രീ. സോമൻ മണിമംഗലം, മണപ്പള്ളി എന്നയാളായിരുന്നു. കൺവീനറെന്നും 25,000 രൂ. ഈടാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയായിരുന്നെന്നും സർക്കാരിൽ നിന്നും ഇപ്പൊഴത്തെയവസ്ഥ അന്വേഷിച്ചപ്പോൾ 2004 ഓഗസ്റ്റ് മാസത്തിൽ ഹൈക്കോടതിയിൽ അർജന്റ് പെറ്റീഷൻ ഫയൽ ചെയ്തെന്നും അവസാന വാദം കേൾക്കൽ 30-1-2004 നായിരുന്നെന്നും അന്ന് കൺവീനറുടെ പെറ്റീഷൻ തള്ളിക്കളഞ്ഞെന്നും തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

75. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജപ്തി നടപടികളിലൂടെ അടിയന്തിരമായി തുക ഈടാക്കണമെന്നും തുക ഈടാക്കിയശേഷം അതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി സെക്രട്ടറിയ്ക്കു നിർദ്ദേശം നൽകിയതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാമെന്ന് സെക്രട്ടറി

സമിതിക്കുറപ്പു നൽകിയിരുന്നു. ആയതിൻപ്രകാരം 3-1-06-ലെ എച്ച്3 - 9169/05-ാം നമ്പർ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ തുക വസൂലാക്കാനുള്ള ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറിക്കെതിരെ ഉണ്ടായിരുന്ന കേസ് ഹൈക്കോടതി തള്ളുകയും പ്രസ്തുത വിധി പകർപ്പ് സഹിതം ജില്ലാ കളക്ടർക്ക് തുടർനടപടിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

76. കൺവീനറിൽ നിന്നും റവന്യൂ റിക്കവറി വഴി തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിയ്ക്കും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## അഞ്ചൽ ഗ്രാമപഞ്ചായത്ത്

(1997-98, 1999-2000)

**ഓഡിറ്റ് ഖണ്ഡിക**

കൂൺകൃഷി—അർഹരല്ലാത്തവർക്കു ധനസഹായം നൽകി

"കൂൺ ഉത്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രതിവർഷം 10 യൂണിറ്റുകൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി 60,000 രൂപ വകയിരുത്തി 1997-98 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതിയ്ക്കായി തയ്യാറാക്കിയ പ്രോജക്ടനുസരിച്ച് ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്തതായോ 10 പേരടങ്ങുന്ന സംഘങ്ങൾ രൂപീകരിച്ചതായോ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകിയിരുന്നതായോ കൃഷിക്കാവശ്യമായ സ്പോഴ്സ് (spores) വാങ്ങിയിരുന്നതോ ആയ യാതൊരു രേഖകളും ഇല്ല. പദ്ധതിയുടെ മറവിൽ 10 വ്യക്തികളുടെ പേരിൽ 6000 രൂപ വച്ച് മൊത്തം 60,000 രൂപ ചെക്കായി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും ടി തുക തിരികെ ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(5)(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ എ1–680/04 നമ്പർ കത്തുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

77. "1997-98 വർഷം നടപ്പിലാക്കിയ കൂൺ കൃഷി—പദ്ധതിക്ക് 60,000 രൂപ പദ്ധതി വിഹിതമായി ലഭിച്ചിരുന്നു. ഈ പദ്ധതിയിലെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത കർഷകരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുള്ളതും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളവരും ആയിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൂൺകൃഷിയെ സംബന്ധിക്കുന്ന പരിശീലനം സദാനന്ദപുരം കൃഷി വിജ്ഞാനകേന്ദ്രത്തിലൂടെ നൽകുകയും, ഷെഡ് നിർമ്മിക്കുകയും, ഗുണഭോക്താക്കൾ കൂൺകൃഷി ചെയ്യുകയും ചെയ്തിരുന്നു. ഇതു സംബന്ധിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി മേൽനടപടികൾ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടുള്ളതും ഗുണഭോക്താക്കൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചവരും കൂൺകൃഷി ചെയ്തിട്ടുള്ളവരുമാണ്.

78. ഈ പദ്ധതിയിലെ ആഡിറ്റ് തടസ്സങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഫീസ്, കൊല്ലം-ന് ഹാജരാക്കുകയും റിക്കാർഡുകൾ വിശദമായ പരിശോധന നടത്തിയശേഷം നം. എൽ. എഫ് 20139/04 സെൽ (എസ്.സി)/2001 തീയതി: 4-10-2003 ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം പ്രകാരം ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കിയിട്ടുള്ള വിവരം അറിയിച്ചിട്ടുള്ളതുമാണ്.

79. മേൽ വിവരങ്ങൾ അനുഭാവപൂർവ്വം പരിഗണനയ്ക്കായി സമർപ്പിക്കുന്നു."

80. കൂൺ കൃഷി ഇപ്പോഴുണ്ടോയെന്ന് സമിതിയാരാഞ്ഞതിന് 1997-98 വർഷത്തിലാണ് പദ്ധതി നടപ്പാക്കിയതെന്നും പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൂൺകൃഷിയെ സംബന്ധിച്ച പരിശീലനം സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിലൂടെ നൽകുകയും ഷെഡ് നിർമ്മിക്കുകയും ചെയ്തെന്നും ഗുണഭോക്താക്കൾ കൂൺകൃഷി ചെയ്തിരുന്നെന്നും ഒന്നുരണ്ടു പേർ മാത്രമേ ഇപ്പോഴും തുടരുന്നുള്ളെന്നും വിപണി സൗകര്യമില്ലാത്തത് ഒരു പ്രധാന പ്രശ്നമാണെന്നും അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

81. ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർ നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പച്ചക്കറി കൃഷി—2,25,000 രൂപയുടെ ചെലവ് ആഡിറ്റ് അംഗീകരിക്കുന്നില്ല.

"1997-98 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2,25,000 രൂപ വകയിരുത്തുകയുണ്ടായി. പ്രോജക്ടിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രകാരം പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിച്ചിട്ടുള്ളതായോ പരിശീലനം നൽകിയിട്ടുള്ളതായോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതായോ യാതൊരുവിധ രേഖകളുമില്ല. ആവശ്യമായ വിത്തുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിനു പകരം 107 പേർക്ക് കൈവശ വസ്തുവിന്റെ അനുപാതത്തിൽ 2,25,000 രൂപ വീതിച്ചു നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം പ്രോജക്ടിന്റെ മാനദണ്ഡം ലംഘിച്ചുകൊണ്ട് 2,25,000 രൂപ കൃഷി ഓഫീസർ 107 ഗുണഭോക്താക്കൾക്ക് തുകയായി വിതരണം ചെയ്ത നടപടി അധികാരദുർവിനിയോഗമാണ്. ടി തുക ആഡിറ്റ് തടസ്സപ്പെടുത്തുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(5) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ എ1–680/04 നമ്പർ കത്തുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

82. “1997-98 വർഷത്തിൽ നടപ്പിലാക്കിയ പച്ചക്കറികൃഷി പദ്ധതിപ്രകാരം 10 സെന്റ് മുതൽ 50 സെന്റ് വരെ പച്ചക്കറികൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് ഒരു യൂണിറ്റിന് (50 സെന്റ് കൃഷിയുള്ളതാണ് ഒരു യൂണിറ്റ്) 4500 രൂപ നിരക്കിൽ മൊത്തം 50 യൂണിറ്റുകൾക്കായി 2,25,000 രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചിരുന്നത്.

പദ്ധതിയുടെ പ്ലാൻതുക സംബന്ധിച്ച ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. പരിശീലനം | - | 500 | രൂപ |
| 2. വിത്ത് | - | 500 | ,, |
| 3. രാസവളം | - | 500 | ,, |
| 4. പന്തൽ നിർമ്മാണം | - | 2500 | ,, |
| 5. വാൽക്കുളം | - | 250 | ,, |
| 6. കീടനാശിനി | - | 250 | ,, |
| | | 4500 | ,, |

83. പ്രായോഗികമായി പദ്ധതി അതേപടി നടപ്പിലാക്കുവാൻ ഉള്ള ബുദ്ധിമുട്ടുമൂലം പ്രോജക്ടിൽ ചില മാറ്റങ്ങൾ വരുത്തിയാണ് നടപ്പിലാക്കുവാൻ സാധിച്ചത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് ലഭിച്ചത് 1998 ഏപ്രിൽ മാസത്തിലായിരുന്നു. എന്നാൽ പച്ചക്കറികൃഷി 1998 ജനുവരി-ഫെബ്രുവരി മാസങ്ങളിലായി ആരംഭിച്ചു കഴിഞ്ഞിരുന്നു. പദ്ധതിപ്രകാരം, വിത്ത്, രാസവളം, കീടനാശിനികൾ ഇവ കർഷകർക്ക് ലഭ്യമാക്കേണ്ടതായിരുന്നു. 1998 ഏപ്രിൽ മാസത്തിൽ ഗുണഭോക്തൃലിസ്റ്റ് ലഭിച്ചതിനുശേഷമേ പ്രോജക്ട് നടപ്പിലാക്കുവാൻ സാധിച്ചിരുന്നുള്ളൂ. ഈ സമയം, വിത്ത്, രാസവളം, കീടനാശിനികൾ ഇവ ശാസ്ത്രീയമായി ഉപയോഗിക്കേണ്ട സമയം കഴിഞ്ഞിരുന്നു. കർഷകർ ഇവ വാങ്ങി ഉപയോഗിച്ചു കഴിഞ്ഞിട്ടുള്ളത് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇവയ്ക്കുള്ള ആനുകൂല്യം, ക്യാഷ് ആയി വിതരണം ചെയ്യേണ്ടി വന്നു. പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ പരിശീലനം നൽകി, കാർഷിക സർവ്വകലാശാല/കൃഷി ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വിത്ത് വാങ്ങി; കർഷകർക്ക് നൽകുന്നതിനും രാസവളം/കീടനാശിനി ഇവയുടെ പെർമിറ്റുകൾ നൽകുവാനും ഇവ യഥാസമയം നൽകുവാനുള്ള സമയം കഴിഞ്ഞിരുന്നതിനാൽ സാധിക്കാതെ വന്നു. ലിസ്റ്റിലുള്ള കർഷകർക്ക് നിലവിലുള്ള പച്ചക്കറിക്കൃഷി എത്ര സ്ഥലത്താണെന്ന് പരിശോധിച്ച് ആനുപാതികമായി ആനുകൂല്യത്തുക വിതരണം നടത്തുവാൻ പഞ്ചായത്ത് നിർദ്ദേശിക്കുകയുണ്ടായി. പച്ചക്കറികൃഷി 1998 ഫെബ്രുവരി മാസത്തോടെ അഞ്ചൽ പഞ്ചായത്തു പ്രദേശത്ത് ആരംഭിച്ചതിനാലാണ് ഇത്തരത്തിൽ ഒരു തീരുമാനം എടുക്കേണ്ടി വന്നത്.

84. പഞ്ചായത്തു തലത്തിൽ രൂപീകരിച്ച സമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സീസണിൽ പുതുതായി പച്ചക്കറികൃഷി നടത്തിയ കർഷകരുടെ വിവരങ്ങൾ നേരിട്ട് ഫീൽഡിൽ പോയി പരിശോധിച്ച ശേഷം, അപേക്ഷകളിൽ പഞ്ചായത്ത് നിർദ്ദേശമനുസരിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയായിരുന്നു. 3 സെന്റ് മുതൽ 50 സെന്റുവരെ കൃഷി ചെയ്തിരുന്ന കർഷകർ

ഗുണഭോക്താക്കളായി വന്നിട്ടുണ്ട്. 50 സെന്റ് ആണ് ഒരു യൂണിറ്റായി നിർദ്ദേശിച്ചിരുന്നതെങ്കിലും അത്രയും സ്ഥലത്ത് കൃഷി ചെയ്തിരുന്ന കർഷകർ കുറവായിരുന്നതിനാൽ 107 കർഷകർക്ക് പദ്ധതിപ്രകാരം ആനുകൂല്യം നൽകുവാനായിരുന്നു ലിസ്റ്റ് അംഗീകരിച്ചിരുന്നത്. തുക പൂർണ്ണമായും ചെലവഴിക്കുകയും പ്രോജക്ടിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായി അധിക ഉത്പാദനം മേപ്പടി സീസണിൽ ഉണ്ടാക്കി പ്രദേശത്തിന് ഗുണം ചെയ്തതായി കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആനുകൂല്യം നൽകിയ കർഷകരിൽ നിന്നും അവർക്ക് നൽകിയ തുകയുടെ രസീതും, പദ്ധതി പ്രകാരം പച്ചക്കറികൃഷി നടത്തിയപ്പോൾ ഉള്ള വിവിധ പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന വൗച്ചറുകളും മറ്റ് ബന്ധപ്പെട്ട രേഖകളും വാങ്ങി ഓഫീസ് റിക്കാർഡിൽ സൂക്ഷിച്ചിട്ടുള്ളതാണ്. യഥാർത്ഥമായും പച്ചക്കറികൃഷി ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്കാണ് തുക നൽകിയിട്ടുള്ളത്.

85. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് ആഡിറ്റിൽ പറയുന്ന തടസ്സങ്ങൾ ഒഴിവാക്കിത്തരണമെന്ന് ഒരിക്കൽകൂടി അപേക്ഷിക്കുന്നു."

86. പദ്ധതിയെക്കുറിച്ചെന്താണ് പറയുവാനുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നെന്നും ടിയാനിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം വാങ്ങിയിട്ടുണ്ടോയെന്നും സമിതിയാരാഞ്ഞതിന് കൃഷി ഓഫീസറായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥനെന്നും പച്ചക്കറി കൃഷി തുടങ്ങേണ്ടത് ജനുവരി ഫെബ്രുവരി മാസങ്ങളിലാണെങ്കിലും പദ്ധതി അംഗീകാരം ലഭിച്ചത് 1998 ഏപ്രിലിലാണെന്നും അതിനുശേഷം ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് പദ്ധതി തുടങ്ങാറായപ്പോഴേക്കും കർഷകർ വിത്ത്, വളം, കീടനാശിനി ഇവ വാങ്ങി കൃഷി തുടങ്ങിയിരുന്നതിനാലും 50 സെന്റ് ഒരു യൂണിറ്റാക്കി നിർദ്ദേശിച്ചുവെങ്കിലും അത്രയും സ്ഥലത്ത് കൃഷി ചെയ്യുവാൻ കർഷകർ കുറവായിരുന്നതിനാൽ കൃഷി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ട് 107 പേർക്ക് ആനുകൂല്യം നൽകുകയായിരുന്നുവെന്നും ഗുണഭോക്താക്കൾക്ക് കൃത്യമായി തുക ലഭിച്ചിട്ടുണ്ടെന്നും തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും തുക ചെലവഴിക്കുന്നതിനുള്ള തിരക്കു കാരണമാണ് ഇങ്ങനെ ചെയ്തതെന്നും ഫയൽ കൃഷി ഓഫീസറുടെ പക്കലുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

87. നിർവ്വഹണോദ്യോഗസ്ഥന്റെ പക്കൽ നിന്നും ഫയൽ വാങ്ങി പദ്ധതി രേഖകൾ സഹിതം ഒരാഴ്ചയ്ക്കുള്ളിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന് നൽകാമെന്ന് സമിതിക്കുറപ്പു നൽകിയിരുന്നു.

88. സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (1-2-05-ലെ എൽ.എഫ്.23675/സ്പെ. സെൽ.(ജി1)/04 നമ്പർ കത്ത്) നൽകിയ റിപ്പോർട്ടിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് നിർദ്ദേശപ്രകാരം കർഷകരുടെ കൃഷി സ്ഥലം കൃഷി ഓഫീസർ നേരിട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൃഷി സ്ഥലത്തിന് ആനുപാതികമായി പ്രോജക്ടിലുള്ള മുഴുവൻ തുകയും കർഷകർക്ക് വിതരണം നടത്തിയതെന്നും, കർഷകരുടെ പരിശീലനത്തിന് വകയിരുത്തിയിരുന്ന തുകയും ഇപ്രകാരം ആനുപാതികമായി വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളതെന്നും കാണുന്നു.

ജനകീയാസൂത്രണ പരിപാടിയുടെ ആദ്യവർഷം എന്ന നിലയിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റേയും സെക്രട്ടറിയുടേയും ബന്ധപ്പെട്ട കൃഷി ഓഫീസറുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിലും മേൽനടപടി അവസാനിപ്പിക്കാവുന്ന താണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

89. കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഓരോ കാർഷിക വിളയും അതാതിന്റേതായ പ്രത്യേക സീസണിൽ തന്നെ കൃഷി ചെയ്തു തുടങ്ങുന്ന വിധത്തിൽ ആസൂത്രണം ചെയ്യുന്നത് അഭികാമ്യമായിരിക്കുമെന്നും അപ്രകാരം ചെയ്യാത്തതിനാൽ പ്രസ്തുത ആനുകൂല്യങ്ങൾ പ്രയോജനപ്രദമാകാതെ പാഴ്ചെലവായി തീരുന്നതായി സമിതി കണ്ടെത്തി. ആയതിനാൽ കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളെല്ലാം അതാതു കാർഷിക സീസണുമുമ്പുതന്നെ പൂർത്തിയാക്കി കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

90. ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കമ്മ്യൂണിറ്റി ഹാൾ-കരാർ പ്രകാരമുള്ള വാടക ഈടാക്കാത്തതിൽ നഷ്ടം

"അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്രീഗോപാലൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ മൂന്നു വർഷത്തേയ്ക്ക് കരാറുകാരന് കൈവശലേലാവകാശം നൽകുകയുണ്ടായി. കാലാവധി തീർന്ന 31-3-1999-നു ശേഷവും കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ഒരു വർഷത്തേയ്ക്കു കൂടി നിലവിലുള്ള വാടകയായ 1,09,424 രൂപയിൽ നിന്നും 5% വർദ്ധിപ്പിച്ച് നൽകുവാൻ തീരുമാനിച്ചു. ഇപ്രകാരം 1,14,895 രൂപ തൻവർഷ വാടക നിശ്ചയിക്കേണ്ടതിനു പകരം മുൻവർഷത്തെ തുകയായ 1,04,213 രൂപ നിശ്ചയിച്ച് ഡിമാന്റ് ചെയ്ത് കരാറുകാരനിൽ നിന്നും ഈടാക്കിയതിനാൽ 18% പലിശയുൾപ്പെടെ 12,605 രൂപയുടെ സാമ്പത്തിക നഷ്ടം പഞ്ചായത്തിനു സംഭവിച്ചിട്ടുണ്ട്. ടി തുക പഞ്ചായത്തു ഫണ്ടിൽ ഒടുക്കു വരുത്തുന്നതുവരെയുള്ള പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(5)(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ എ1–680/04 നമ്പർ കത്തുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

91. "ടി, ആഡിറ്റ് പാര പ്രകാരം പഞ്ചായത്തിന് നഷ്ടം വന്നിട്ടുള്ള തുകയായ 4963 രൂപയും 20-6-2002 വരെയുള്ള പീനൽ ഇന്ററസ്റ്റും സഹിതം 9653 രൂപ 53/27337-ാം നമ്പർ രസീത് പ്രകാരം ബന്ധപ്പെട്ടയാളിൽ നിന്നും 20-6-2002-ൽ ഈടാക്കിയിട്ടുണ്ട്.

92. ആഡിറ്റ് പാര പ്രകാരം പഞ്ചായത്തിന് നഷ്ടം വന്നിട്ടുള്ള 5211 രൂപയും 20-6-2002 വരെയുള്ള പലിശയുൾപ്പെടെ 9198 രൂപ Rt. No. 54/27337, 20-6-2002 തീയതിയിൽ വാടകക്കാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

93. ആഡിറ്റ് പാര പ്രകാരം നഷ്ടം വന്ന 10682 രൂപയും 20-6-2002 വരെയുള്ള പലിശയും സഹിതം 16931 രൂപ RT. No. 55/27337, 20-6-2002 തീയതിയിൽ ബന്ധപ്പെട്ടയാളിൽ നിന്നും ഈടാക്കിയിട്ടുണ്ട്.".

94. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നഷ്ടം മുഴുവൻ ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയലും രസീതും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

### നിഗമനങ്ങൾ/ശുപാർശകൾ

95. ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയും ഇതു സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കേരളോത്സവം—അധിക ചെലവ് നിരാകരിക്കുന്നു

"1999 ഒക്ടോബർ 9, 10 എന്നീ തീയതികളിലായി നടത്തിയ കേരളോത്സവത്തിന്റെ ചെലവുകൾക്കായി 12,000 രൂപയുടെ അടങ്കൽ തുകയ്ക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായി 25,462 രൂപ ചെലവാക്കിയതായി കാണുന്നു. ഇതിൽ 6,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നു ബാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. ഇതിൽ പന്തൽ കെട്ടിയ ഇനത്തിലും ഭക്ഷണം നൽകിയ ഇനത്തിലും ആകെ 5,200 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ആവശ്യങ്ങൾക്കായി കേരളോത്സവം നടത്തിയ തീയതിക്കുശേഷവും 6,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ചെലവാക്കിയതായി കാണുന്നു. ഇത് ആഡിറ്റ് നിരാകരിക്കുന്നു. ടി തുകയായ 6,000 രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. സാങ്കേതിക അനുമതി ലഭിച്ച തുകയിൽ അധികരിച്ച് ചെലവഴിച്ച 13,462 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(5)(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-04-ലെ എ1–680/04 നമ്പർ കത്തുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

96. "നിരാകരിച്ച അധിക തുക 6,000 രൂപ ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി റ്റി. എം. സൈനുദ്ദീൻ റാവുത്തരിൽ നിന്നും Recovery from Gratuity ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. "

97. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ടി. എം. സൈനുദ്ദീൻ റാവുത്തരുടെ ഡി. സി. ആർ. ജി. യിൽ നിന്നും 6,000 രൂപ ഈടാക്കിയിട്ടുണ്ടെന്നും ഇതു പുനഃപരിശോധിക്കുന്നതിനുവേണ്ടി അപേക്ഷ കൊടുക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

98. ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ജൈവ വളനിർമ്മാണ യൂണിറ്റ്—പാഴ്ചെലവുകൾ

"5,25,000 രൂപ വകയിരുത്തി ഒരു ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയാണ് പദ്ധതി. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്ത്തലത്തിൽ രൂപീകരിക്കുന്ന കാർഷിക ജൈവവള ഉത്പാദന സംഘം ആയിരിക്കും പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഒരു സംഘം രൂപീകരിക്കുകയോ ജൈവവള യൂണിറ്റ് തുടങ്ങുകയോ ചെയ്യാതെ 3,62,000 രൂപ മുടക്കി ട്രാക്ടറും ട്രെയിലറും വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭീമമായ തുക മുടക്കി വാങ്ങി എന്നല്ലാതെ നാളിതുവരെ യാതൊരു ഉപയോഗവും ഇല്ലാതെ കിടന്നു നശിക്കുകയാണ്. അംഗീകരിച്ച പദ്ധതിയുടെ ഉദ്ദേശശുദ്ധി കണക്കിലെടുക്കാതെ 3,62,000 രൂപ ചെലവഴിച്ചത് ഒരു പാഴ്ചെലവായി ആഡിറ്റിൽ കണക്കാക്കുന്നു."

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V- 2(5)(v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ (എ)1-680/04 നമ്പർ കത്ത് പ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

99. "കൊല്ലം ജില്ലയിൽ അതിവേഗം വികസനം പ്രാപിച്ചുവരുന്ന ഒരു പട്ടണമാണ് അഞ്ചൽ. ഇവിടെ ടൗണിലേയും ചന്തയിലേയും മറ്റും മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്ക്കരിക്കുക എന്നത് പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. ഈ സാഹചര്യത്തിലാണ് ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഒരു ജൈവവള നിർമ്മാണ യൂണിറ്റ് എന്ന ആശയം പഞ്ചായത്ത് ഏറ്റെടുത്തത്. ഇതിലേയ്ക്കായി പഞ്ചായത്ത് 1998 വർഷം 1.54 ഏക്കർ സ്ഥലം തഴമേൽ എന്ന സ്ഥലത്ത് വാങ്ങുകയുണ്ടായി. ടി സ്ഥലം ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി ചപ്പുചവറുകൾ, ജൈവമാലിന്യങ്ങൾ എന്നിവ സംസ്ക്കരിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിലേയ്ക്കായും ആണ് 99-2000 വർഷം ജൈവവളനിർമ്മാണ യൂണിറ്റ് എന്ന പ്രോജക്ട് രൂപീകരിച്ചത്. ഈ പ്രോജക്ടിൽപ്പെടുത്തി ട്രാക്ടർ ട്രെയിലർ വാങ്ങിയെങ്കിലും, ചപ്പുചവറുകളും ജൈവമാലിന്യങ്ങളും തഴമേൽ വാങ്ങിയ സ്ഥലത്തേക്ക് മാറ്റാൻ പഞ്ചായത്ത് നടത്തിയ ശ്രമം പരിസരവാസികളുടെ ശക്തമായ എതിർപ്പുമൂലം പരാജയപ്പെട്ടു.

100. തുടർന്ന് 2002-03 വർഷം സ്പിൽ ഓവർ ആയി ടി പ്രോജക്ട് വീണ്ടും ഏറ്റെടുക്കുകയും, പ്രോജക്ടിൽപ്പെടുത്തി ട്രാക്ടർ ഷെഡ് നിർമ്മിക്കുകയും Q551/02 dt. 26-6-02 നമ്പരായി രൂപീകരിച്ച ജൈവമാലിന്യ സംസ്ക്കരണ സമിതി പ്രോജക്ട് പ്രകാരം ട്രാക്ടർ ട്രെയിലർ ഏറ്റെടുത്തു പഞ്ചായത്തുവക ട്രാക്ടർ ഷെഡിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

101. ടി ട്രാക്ടർ ട്രെയിലർ ഇപ്പോഴും റണ്ണിംഗ് കണ്ടീഷനിലാണ്. പഞ്ചായത്ത് ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിലേയ്ക്കായി ഇത് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചപ്പുചവറുകളുടേയും, ജൈവമാലിന്യങ്ങളുടേയും സംസ്ക്കരണത്തിന് രണ്ട് അധിക പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

1. ഖരമാലിന്യ നിർമ്മാർജ്ജന പരിപാടി Project No. S 039/04 ഇതിൻപ്രകാരം Incinater സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു.

2. ഖരമാലിന്യ സംസ്ക്കരണവും, വൈദ്യുതി ഉത്പാദനവും. Biotech മായി സംയോജിച്ച് ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന പദ്ധതി മേൽ പ്രോജക്ടുകൾ പൂർത്തീകരിക്കപ്പെടുന്ന മുറയ്ക്ക് ട്രാക്ടർ ട്രെയിലർ പൂർണ്ണമായും, ഉപയോഗത്തിലാകുന്നതാണ്."

102. ജൈവവളനിർമ്മാണ യൂണിറ്റിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും ട്രാക്ടർ ട്രെയിലർ ഇപ്പോഴെവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും. അതിപ്പോഴുപയോഗിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത യൂണിറ്റിനുവേണ്ടി ഒരേക്കർ അമ്പത്തിനാല് സെന്റ് സ്ഥലം തഴമേൽ എന്ന സ്ഥലത്തു വാങ്ങിയെന്നും ചപ്പുചവറുകൾ ജൈവമാലിന്യങ്ങൾ എന്നിവ സംസ്ക്കരിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി ചന്തയിൽ നിന്ന് മാലിന്യങ്ങൾ ശേഖരിച്ച് ടി സ്ഥലത്ത് എത്തിക്കുന്നതിനാണ് ട്രാക്ടർ ട്രെയിലർ വാങ്ങിയതെന്നും ട്രാക്ടർ ട്രെയിലർ ഇപ്പോൾ പഞ്ചായത്തിന്റെ കൈവശം ഷെഡ്കെട്ടി സൂക്ഷിച്ചിരിക്കുകയാണെന്നും ഇപ്പോളതുപയോഗി ക്കുന്നില്ലെന്നും അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

103. ട്രാക്ടർ ട്രെയിലർ ഉപയോഗിക്കാത്തതിന് കാരണമെന്താണെന്നും പഞ്ചായത്ത് ഇതുപയോഗിക്കുന്നില്ലെങ്കിൽ വാടകയ്ക്ക് കൊടുത്തുകൂടെ യെന്നും സമിതി ആരാഞ്ഞതിന് മാലിന്യങ്ങൾ ട്രാക്ടർ ട്രെയിലറിൽ കയറ്റി നിർദ്ദിഷ്ട പദ്ധതി പ്രദേശത്തു കൊണ്ടുചെന്നപ്പോൾ നാട്ടുകാർ തടഞ്ഞെന്നും അതിനാലാണ് പ്രസ്തുത വാഹനം ഉപയോഗിക്കാത്തതെന്നും മറ്റാരെയെങ്കിലും ഏൽപ്പിച്ചാൽ നഷ്ടമുണ്ടാകാനാണ് സാദ്ധ്യതയെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

104. ഏതെങ്കിലും രീതിയിൽ ട്രാക്ടർ ട്രെയിലർ പ്രയോജനപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽഫണ്ട് ആഡിറ്റ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഓഡിറ്റ് തടസം തീർപ്പാക്കുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന് വിശദമായ റിപ്പോർട്ട് നൽകാമെന്ന് സെക്രട്ടറി ഉറപ്പു നൽകിയിരുന്നു.

105. സമിതി നിർദ്ദേശപ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് ലോക്കൽ ഫണ്ട് ഡയറക്ടർ (11-3-05-ലെ എൽ.എഫ്. 23675/ സ്പെ.സെൽ(ജി1)/04 നമ്പർ കത്ത്) ലഭ്യമാക്കിയ റിപ്പോർട്ടിൽ ജൈവ

മാലിന്യസംസ്ക്കരണസമിതി എന്ന പേരിൽ ഒരു സംഘം 2002-ൽ ക്യൂ.551/02 നമ്പരായി രജിസ്റ്റർചെയ്തിട്ടുണ്ടെന്നും എന്നാൽ പദ്ധതിയിൽ വിഭാവന ചെയ്തിരുന്നതു പോലെയുള്ള ഒരു പ്രവർത്തനവും നടന്നിട്ടുള്ളതായി കാണുന്നില്ലെന്നും 1999-2000 വർഷം 3,62,000 രൂപ മുടക്കി ട്രാക്ടറും ട്രെയിലറും വാങ്ങിയതിനു പുറമേ 2002-03 ൽ 81926 രൂപ മുടക്കി ട്രാക്ടറും, ട്രെയിലറും സൂക്ഷിക്കുന്ന ഷെഡ് പണിയുകയും ചെയ്തിട്ടുണ്ട് എന്നും ട്രാക്ടർ ഇപ്പോൾ റണ്ണിംഗ് കണ്ടീഷനിലാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2004-05-ൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവ ഉപയോഗത്തിൽ വരുന്നതാണ് എന്നാണ് കൃഷി ഓഫീസർ പ്രതീക്ഷിക്കുന്നത് എന്നും പദ്ധതി നിശ്ചയിച്ച രീതിയിൽ നടപ്പിലാക്കാത്തതുമൂലം മുടക്കിയ തുക പാഴ്ചെലവായി എന്ന ഓഡിറ്റ് നിരീക്ഷണം ഇപ്പോഴും നിലനിൽക്കുകയാണ് എന്നും ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുവാൻ ഉള്ള നിർദ്ദേശം നാൾ ഇതുവരെ പാലിച്ചിട്ടുള്ളതായും കാണുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

106. ഓഡിറ്റ് പരാമർശം സംബന്ധിച്ച പുനഃപരിശോധന റിപ്പോർട്ടിലും, ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. വ്യക്തമായ സമിതി നിർദ്ദേശമുണ്ടായിട്ടും തുടർനടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് അധികൃതരുടെ അലംഭാവമാണതിൽ വ്യക്തമാവുന്നത്. ആയതിനാൽ ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

107. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രായോഗികതലത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കൂടി മുൻകൂട്ടികാണാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള ഉദാഹരണമാണ് ഈ പദ്ധതി എന്നും ഇതിനുത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## മേലില ഗ്രാമപഞ്ചായത്ത് (1998-99)

**ഓഡിറ്റ് ഖണ്ഡിക**

വനിതകൾക്കായുള്ള വസ്ത്രനിർമ്മാണ യൂണിറ്റ്-ഉയർന്ന നിരക്കിൽ

"പഞ്ചായത്തിലെ തൊഴിൽരഹിതരായ ദരിദ്ര വിഭാഗത്തിൽപ്പെട്ട വനിതകളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത് വസ്ത്രനിർമ്മാണ യൂണിറ്റുകൾ രൂപീകരിക്കാൻ സഹായിക്കുകയും നിർമ്മാണം, വിപണനം എന്നീ കാര്യങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതി. 10 അംഗങ്ങൾ വീതമുള്ള നാല് യൂണിറ്റുകൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും 17 യൂണിറ്റുകളുടെ വിവരം ഫയലിൽ കാണുന്നുണ്ട്. ഇതിൽ അവ്യക്തത നിലനിൽക്കുന്നു. ഈ പദ്ധതി പ്രകാരം തയ്യൽമെഷീനുകൾ വാങ്ങുന്നതിന് 7 പേർ അടങ്ങുന്ന ഒരു പർച്ചേസിംഗ് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. തയ്യൽ മെഷീനുകൾ വിതരണംചെയ്യാമെന്നേറ്റ് 4 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിക്കുകയുമുണ്ടായി. ഇതിൽ മെഷീൻ ഒന്നിന്

1990 രൂപ നിരക്കിൽ നൽകാമെന്നേറ്റിരുന്ന കൊല്ലത്തെ സിംഗർ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പരിഗണിക്കാതെ 2350 രൂപ നിരക്കിൽ തയ്യൽ മെഷീൻ നൽകാമെന്നേറ്റ കുണ്ടറയിലെ അലിഷാ മാർക്കറ്റിംഗ് അസോസിയേറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് തയ്യൽമെഷീനുകൾ വാങ്ങിയത്. ഒരേ ഗുണനിലവാരമുള്ള മെറിറ്റ് തയ്യൽമെഷീനുകളാണ് രണ്ടു കമ്പനികളും ഓഫർചെയ്തിരുന്നത്. ഇപ്രകാരം 60 തയ്യൽ മെഷീനുകൾ ഒരു മെഷീന് 2350 രൂപ നിരക്കിൽ മൊത്തം 1,41,000 രൂപയ്ക്ക് വാങ്ങിയതിനാൽ പഞ്ചായത്തിന് 21,600 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക തിരികെ പിടിയ്ക്കേണ്ടതാണ്."

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2( 6) (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-04 ലെ (എ)-403/04നമ്പർ കത്ത് പ്രകാരം മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

108. "വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി-വസ്തു നിർമ്മാണ യൂണിറ്റ് - തയ്യൽമെഷീൻ വിതരണംമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം പർച്ചേയിസിംഗ് കമ്മിറ്റി അംഗങ്ങളായ താഴെ പറയുന്നവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

| പർച്ചേയിസിംഗ് കമ്മിറ്റി അംഗങ്ങൾ : | | | |
|---|---|---|---|
| 1. | സി. ജി. ജോൺ | .. | പഞ്ചായത്ത് പ്രസിഡന്റ് |
| 2. | എബ്രഹാം കൊയ്പ്പള്ളി | .. | വൈസ് പ്രസിഡന്റ് |
| 3. | റജിമോൻ വർഗ്ഗീസ് | .. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 4. | അലക്സ് മാത്യു | .. | പഞ്ചായത്ത് മെമ്പർ |
| 5. | പ്രസാദ് | .. | പഞ്ചായത്ത് മെമ്പർ |
| 6. | ഗീതാകുമാരി | .. | പഞ്ചായത്ത് മെമ്പർ |
| 7. | എം. ലീലാഭായി | .. | പഞ്ചായത്ത് സെക്രട്ടറി |

109. മേൽ പറഞ്ഞവിധം വാങ്ങൽ നടത്തിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടമായ 21600 രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കണമെന്ന് കാണിച്ച് മേൽപറഞ്ഞ കമ്മിറ്റി അംഗങ്ങൾക്ക് ഈ ഓഫീസിൽ നിന്ന് അറിയിപ്പ് നൽകുകയും, ടി അറിയിപ്പിന് കമ്മിറ്റി അംഗങ്ങളായ മുകളിൽ ക്രമ നമ്പർ 1 മുതൽ 4 വരെ പേര് പറഞ്ഞിട്ടുള്ളവർ ഒപ്പിട്ട സംയുക്ത മറുപടി പഞ്ചായത്തിൽ നൽകുകയും ചെയ്തിരുന്നു. ഗുണഭോക്താക്കൾക്ക് ഗുണകരമായും, പഞ്ചായത്തിന് അധിക ചെലവ് ഉണ്ടാകാതെയും എടുത്ത നടപടി യാതൊരു കാരണവശാലും അവിഹിതമല്ലെന്ന് വാങ്ങൽ കമ്മിറ്റി വിശ്വസിക്കുന്നതായി ടി മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

110. ടി വാങ്ങൽ കമ്മിറ്റി അംഗമായിരുന്ന അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ലീലാഭായി മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 19-1-2002-ൽ നൽകിയ മറുപടിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന തയ്യൽ മെഷീൻ വാങ്ങണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നതായും, ആ വിവരം വാങ്ങൽ കമ്മിറ്റിയുടെ യോഗ തീരുമാനത്തിൽ രേഖപ്പെടുത്തിയിരുന്നതായും, ടി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. വാങ്ങൽ കമ്മിറ്റി അംഗങ്ങൾ ടി സെക്രട്ടറിയെ ഭീഷണിപ്പെടുത്തിയതായും സ്പെഷ്യൽ ഓർഡർ വാങ്ങി ടിയാളിനെ ജില്ല വിട്ട് സ്ഥലം മാറ്റിയതായും ടി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

111. പഞ്ചായത്തിനുണ്ടായ ടി നഷ്ടം ടി അംഗങ്ങളിൽ നിന്നും, റവന്യൂ റിക്കവറി വഴി ഉടൻ ഈടാക്കുന്നതാണ്."

112. കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്കിലുള്ള തയ്യൽമെഷീൻ വാങ്ങിയത് എന്തുകൊണ്ടാണെന്നും ക്വട്ടേഷൻ നോട്ടീസിൽ മെഷീന് നിശ്ചിത ഗുണനിലവാരം വ്യവസ്ഥചെയ്തിരുന്നോയെന്നും പർച്ചേസിംഗ് കമ്മിറ്റി അംഗങ്ങൾ സെക്രട്ടറിയെ ഭീഷണിപ്പെടുത്തിയതെന്തിനാണെന്നും സമിതി ആരാഞ്ഞതിന് തയ്യൽമെഷീന് കമ്പനി ഒരു വർഷത്തെ ഗ്യാരന്റിയും ഏജന്റ് രണ്ടുവർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടിയുമാണ് വാഗ്ദാനംചെയ്തതെന്നും പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ച് പ്രവർത്തിപ്പിച്ച് കാണിക്കാമെന്ന വ്യവസ്ഥയിലുമാണ് ഉയർന്ന നിരക്കിൽ ഉള്ള ക്വട്ടേഷൻ അംഗീകരിച്ചത് എന്നാണ് പർച്ചേയ്സ് കമ്മിറ്റി നൽകിയ മറുപടി. സെക്രട്ടറി ഈ തീരുമാനത്തിൽ അന്ന് വിയോജനക്കുറിപ്പ് എഴുതിയിരുന്നെന്നും ചെക്ക് ഒപ്പിട്ടു കിട്ടുന്നതിനുവേണ്ടിയാണ് സെക്രട്ടറിയെ ഭീഷണിപ്പെടുത്തിയത് എന്നും തയ്യൽ മെഷീൻ ഐ.എസ്.ഐ. മുദ്ര ഉള്ളത് ആയിരിക്കണമെന്നും പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് കൊണ്ടുവന്ന് പ്രവർത്തിപ്പിച്ച് കാണിക്കണമെന്നും ഉള്ള വ്യവസ്ഥകൾ ആയിരുന്നു ക്വട്ടേഷനിൽ എന്നും മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

113. മെഷീൻ വിതരണം ചെയ്തതിന്റെ രേഖകൾ ഉണ്ടോയെന്നും ഉള്ളവ ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും ഇതു സംബന്ധിച്ച ഫയലുകൾ ഉണ്ടോയെന്നും സമിതി ആരാഞ്ഞതിന് 60 തയ്യൽ മെഷീൻ 21 പേർക്ക് കൊടുത്തതായി രേഖകളുണ്ടെന്നും പേരെഴുതി ഒപ്പിട്ടിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

114. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട സെക്രട്ടറി വിയോജനക്കുറിപ്പ് എഴുതിയിട്ടും പർച്ചേയ്സ് കമ്മിറ്റി എതിരായി തീരുമാനം എടുത്തതിനാൽ നഷ്ടം എങ്ങനെ ഈടാക്കണം എന്നത് സംബന്ധിച്ച് വിശദവിവരങ്ങൾ തദ്ദേശസ്വയംഭരണ സെക്രട്ടറിയുമായി ആലോചിച്ച് ഒരുമാസത്തിനകം ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോടും പഞ്ചായത്തിന്റെ യോഗ നടപടിക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ബന്ധപ്പെട്ട ഫയലുകളും എല്ലാം അടിയന്തിരമായി പഞ്ചായത്ത് ഡയറക്ടർക്ക് നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും സമിതി ആവശ്യപ്പെട്ടിരുന്നു.

115. പഞ്ചായത്ത്രാജ് നിയമത്തിൽ പ്രസിഡണ്ടിന് ഭരണപരമായ ഉത്തരവാദിത്വവും കടമകളും വ്യക്തമായി നിർവ്വചിച്ചിരിക്കുന്ന സാഹചര്യത്തിൽ സമിതി എടുക്കുന്ന തെറ്റായ തീരുമാനംമൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം എങ്ങനെ ഈടാക്കാം എന്നുള്ള ഒരു വിദഗ്ദ്ധാഭിപ്രായം ഉണ്ടാകേണ്ടതാണ് എന്നും സമിതി അഭിപ്രായപ്പെടുന്നു.

116. തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ 24483/പി.എ4/05/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ മേലില ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം 31-8-2005-ലെ ജി.ഒ.(ആർ.റ്റി)3789/05തസ്വഭവ പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

117. സർക്കാർ ഉത്തരവുപ്രകാരം ഓഡിറ്റ് തടസം ഒഴിവാക്കിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ദുർബലവിഭാഗങ്ങൾക്ക് വീട്—അനധികൃതമായി തുക അനുവദിച്ചു.

" ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 പേർക്ക് സ്വന്തമായി വീട് വയ്ക്കുന്നതിന് 35,000 രൂപ വീതം ധനസഹായമായി നൽകുന്ന പദ്ധതിയാണിത്. പദ്ധതിയനുസരിച്ച് പഞ്ചായത്തിലെ വാസയോഗ്യമായ വീടില്ലാത്തവരും രണ്ട് സെന്റ് ഭൂമി എങ്കിലും കൈവശമുള്ളവർക്കുമാണ് വീടുവയ്ക്കാൻ ധനസഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം വില്ലൂർ ലക്ഷം വീട് കോളനിയിൽ 7-ാം വാർഡിലെ 298-ാം നമ്പർ ലക്ഷം വീട്ടിൽ താമസിക്കുന്ന ശ്രീ. തങ്കപ്പൻ എന്നയാളിന് വീട് അനുവദിക്കുകയും ആയതിലേയ്ക്ക് 35,000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ടി വ്യക്തിയുടെ റേഷൻ കാർഡ് പരിശോധനയിൽ സ്വന്തമായി വീടുള്ളയാളാണെന്നും വീട് വൈദ്യുതീകരിച്ചതാണെന്നും മനസ്സിലാക്കാവുന്നതാണ്. നിയമപ്രകാരം വാസയോഗ്യമല്ലാത്ത വീടിന് വൈദ്യുതി കണക്ഷൻ അനുവദിക്കാറില്ല. ആയതിനാൽ പദ്ധതി രേഖയിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി വീട് നിർമ്മിക്കുവാനായി അനുവദിച്ച 35,000 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V – 2 (6) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 15-12-04 ലെ A-403/04 നമ്പർ കത്തു പ്രകാരം മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

118 "വാസയോഗ്യമായ വീടുള്ളയാളിന് വീടുനൽകിയതായുള്ള ആഡിറ്റ് പരാമർശത്തിന് മേൽപ്പറഞ്ഞ ആനുകൂല്യം നൽകിയ തങ്കപ്പന്റെ ലക്ഷം വീട് പൊളിഞ്ഞുപോയതാണെന്നും ഇക്കാര്യം പഞ്ചായത്ത് കമ്മിറ്റിക്കും വാർഡ് മെമ്പർക്കും ബോദ്ധ്യമുള്ളതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള തുക ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കമ്മിറ്റി അംഗങ്ങളിൽ നിന്നും റവന്യൂ റിക്കവറിവഴി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ്."

119. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയുവാനുള്ളത് എന്ന് സമിതി അന്വേഷിച്ചതിന് ഗുണഭോക്താവിന് സ്വന്തമായി വാസയോഗ്യമായിരുന്ന വീട് ഇല്ലായിരുന്നെന്നും അതുകൊണ്ടാണ് അയാൾക്ക് വേറെ വീട് കൊടുത്തതെന്നും ഇപ്പോൾ കൊടുത്ത വീടുമാത്രമേ നിലവിലുള്ളൂ എന്നും ഇതു സംബന്ധിച്ച് മറ്റ്

തരത്തിൽ ഉള്ള അഴിമതിയൊന്നും നടന്നിട്ടില്ലായെന്നും മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയും റിപ്പോർട്ട് കൊടുക്കാമെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

120. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെയും നടപ്പാക്കപ്പെട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ പ്രസ്തുത രേഖകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻസമിതി ശുപാർശ ചെയ്യുന്നു.

121. സമിതി നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയത് സംബന്ധിച്ച് അന്നത്തെ മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. മോഹനൻപിള്ളയിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

## കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (1999–2000)

**ആഡിറ്റ് ഖണ്ഡിക**

കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകൽ–11,500 രൂപ പാഴായി.

" കാർഷിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയനുസരിച്ച് 23,000 രൂപ ചെലവഴിച്ച് രണ്ടുമെതിയന്ത്രങ്ങൾ വാങ്ങിയതിൽ ഒരെണ്ണം മാതൂർതാഴ പാടശേഖര സമിതിക്ക് വിതരണം ചെയ്യുകയുണ്ടായി. എന്നാൽ തഴവയൽ പാടശേഖര സമിതിക്ക് വിതരണം ചെയ്യാനായി വാങ്ങിയ മെതിയന്ത്രം നാളിതുവരെയായിട്ടും കൈമാറിയിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതിയുമായി ബന്ധപ്പെടാതെയും പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഉടമ്പടി വയ്ക്കാതെയും മെതിയന്ത്രം വാങ്ങിയതിനാൽ ഇതിനായി ചെലവഴിച്ച 11,500 രൂപ പാഴാവുകയാണുണ്ടായത്. ഉചിതമായ അന്വേഷണത്തിനും മേൽനടപടികൾക്കുമായി ഇക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001–02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(8) (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14–12–04–ലെ കെ1-290/01നമ്പർ കത്ത് പ്രകാരം കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

122. " ടി ആഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട കൃഷി ആഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. അവർ 14–10–03–ൽ മറുപടി സമർപ്പിച്ചു. അതുപ്രകാരം മെതിയന്ത്രം പാടശേഖര സമിതിക്ക് രേഖാമൂലം നൽകിയതായി കാണുന്നു."

123. പാടശേഖര സമിതിക്ക് മെതിയന്ത്രം കൈമാറിയതെങ്ങനെയാണെന്നും ഇപ്പോഴും അത് ഉപയോഗിക്കുന്നുണ്ടോയെന്നും ആഡിറ്റിൽ ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോയെന്നും സമിതി ആരാഞ്ഞതിന് പാടശേഖര സമിതിയുടെ പ്രസിഡന്റും സെക്രട്ടറിയും കൂടി ബോണ്ട് വച്ചിട്ടാണ് മെതിയന്ത്രം കൊടുത്തതെന്നും അതിപ്പോഴും പ്രവർത്തനക്ഷമമാണെന്നും കുലശേഖരപുരം പഞ്ചായത്ത് സെക്രട്ടറിയും ഇതു സംബന്ധമായി വകുപ്പുതല അന്വേഷണമൊന്നും നടത്തിയിട്ടില്ലായെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

124. പ്രസ്തുത പാടശേഖര കമ്മിറ്റിയുമായി നേരിൽ ബന്ധപ്പെട്ട് മെതിയന്ത്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ, എപ്രകാരമാണ് ഇത് കൈമാറിയത് തുടങ്ങിയ വിവരങ്ങൾ പ്രാദേശിക പരിശോധന നടത്തി പതിനഞ്ചു ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകുവാൻ അസിസ്റ്റന്റ് ഡയറക്ടർക്കും ഇതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ഡയറക്ടർക്ക് എല്ലാ സഹായവും ചെയ്തു കൊടുക്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്കു സമിതി നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

125. മെതിയന്ത്രം പ്രവർത്തനക്ഷമമാണോ എന്നും പാടശേഖര സമിതിക്ക് ഇത് കൈമാറിയതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

126. സമിതി നിർദ്ദേശമനുസരിച്ചുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിരിക്കുന്നതെന്നും ആയതിനാൽ ഇവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഭവന നിർമ്മാണ പദ്ധതികൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

" കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച വീടുവച്ചു നൽകുന്ന 4 പദ്ധതികളാണ് തൻവർഷം പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്. പദ്ധതി വിഹിതവും ഗുണഭോക്തൃവിഹിതവും ഭവനനിർമ്മാണബോർഡ് വിഹിതവും ചേർന്നതാണ് പദ്ധതികളുടെ ആകെ അടങ്കൽ തുക . ഒന്നാമത്തെ പദ്ധതിയനുസരിച്ച് 186 വീടുകൾക്കായി ആകെ 55,80,000 രൂപയും രണ്ടാമത്തേതിന് 150 വീടുകൾക്കായി 45,00,000 രൂപയും മൂന്നാമത്തെ പദ്ധതി പ്രകാരം 48 പട്ടികജാതിക്കാർക്കായി 16,80,000 രൂപയും നാലാമത്തെ ഇനത്തിൽ 20,30,000 രൂപയും വകകൊള്ളിച്ച് അൻപത്തിയെട്ടു ലക്ഷം വീടുകൾ ഒറ്റവീടുകളാക്കുകയുമാണ് പദ്ധതികൾ . ആദ്യത്തെ പദ്ധതിയനുസരിച്ചുള്ള വീടുകളുടെ പണി തൻവർഷം ആരംഭിച്ചതായി കാണുന്നില്ല. രണ്ടാമത്തെ പദ്ധതിയിൽ ആകെയുള്ള 150 ഗുണഭോക്താക്കളിൽ 40 പേരിൽ നിന്നുമാത്രമാണ് ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുള്ളത്. ഇപ്രകാരം പിരിച്ചെടുത്ത 2,60,000

രൂപ തൻവർഷം ഭവന നിർമ്മാണബോർഡിൽ ഒടുക്കിയിട്ടുമില്ല. മൂന്നാമത്തെ പദ്ധതിയിൽ തൻവർഷം ഓച്ചിറ പഞ്ചായത്തിൽ നിന്നും വിഹിതമായി ലഭിച്ച തുകയിൽ നിന്നും അടങ്കൽ തുകയിൽ അധികരിച്ച് 1,49,690 രൂപ ഹൗസിംഗ് ബോർഡിൽ ഒടുക്ക് വരുത്തിയത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. നാലാമത്തെ പദ്ധതി പ്രകാരം 29 ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് അംഗീകരിച്ചിട്ടുള്ളതും ഹൗസിംഗ്ബോർഡിന് അയച്ചു കൊടുത്തിട്ടുള്ളതും, ആനുപാതികമായ തുക മാത്രം ജില്ലാ പഞ്ചായത്ത് വിഹിതമായ ഹൗസിംഗ് ബോർഡിൽ ഒടുക്കു വരുത്തുന്നതിനു പകരം 58 പേർക്കുവേണ്ടി ലഭിച്ച 11,20,000 രൂപയും ഹൗസിംഗ് ബോർഡിൽ ഒടുക്കിയത് ശരിയല്ല. ടി പദ്ധതികളെല്ലാംതന്നെ ഗുണഭോക്തൃവിഹിതം മുഴുവൻ പിരിക്കാതെയോ അല്ലെങ്കിൽ നിർദ്ദിഷ്ട കരാർ ഉടമ്പടികൾ എല്ലാം സമർപ്പിക്കാതെയോ ആണ് പദ്ധതി വിഹിതം മുഴുവനായും ഹൗസിംഗ് ബോർഡിൽ അടച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ ഉചിതമായ നടപടികൾക്കായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.”

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2( 8) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ K1-290/01നമ്പർ കത്ത് പ്രകാരം കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

127. “ ടി ആഡിറ്റ് പരാമർശത്തിന്മേൽ നിർവ്വഹണഉദ്യോഗസ്ഥനായ വി.ഇ.ഒ.യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. 5-09-03-ൽ മറുപടി ലഭിച്ചു. അതുപ്രകാരം ഭവന നിർമ്മാണത്തിന്റെ നാല് പ്രോജക്ടുകളും നടപ്പാക്കുന്നതിന് വ്യവസ്ഥപ്രകാരമാണ് തുക ബോർഡിൽ അടച്ചത്. എന്നാൽ ബോർഡ് അത്തരുണത്തിൽ അവരുടെ മുഴുവൻ പദ്ധതികളും നിർത്തലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ തുക മടക്കി ലഭിക്കുന്നതിനായി 24-10-2001, 3-12-01, 5-04-02, 6-6-02 എന്നീ തീയതികളിൽ ബോർഡിലേക്ക് ആവർത്തിച്ച് എഴുത്തുകുത്തുകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ നിക്ഷേപത്തുക തിരികെ നൽകാമെന്നറിയിച്ചുകൊണ്ട് ബോർഡിന്റെ ഡെപ്യൂട്ടി സെക്രട്ടറി (ലോൺസ്) 1-8-2003-ൽ L6/5593/01- ാം നമ്പരായി പഞ്ചായത്തിന് മറുപടി തന്നിട്ടുണ്ട്.”

128. പ്രസ്തുത പദ്ധതിയെക്കുറിച്ച് എന്താണ് പറയുവാനുള്ളത് എന്ന് സമിതി ആരാഞ്ഞതിന് ഭവന നിർമ്മാണ ബോർഡ് ആ പദ്ധതി നിർത്തിയതുകൊണ്ട് ആണ് ഇങ്ങനെ വന്നതെന്നും അല്ലെങ്കിൽ വീടുകളുടെ പണി പൂർത്തിയാകുമായിരുന്നുവെന്നും സെക്രട്ടറി വെളിപ്പെടുത്തി. ഭവന നിർമ്മാണ പദ്ധതി ജനറൽ എന്ന് പറയുന്ന പദ്ധതിയിൽ 150 പേരിൽ 40 പേരിൽ നിന്നും ആദ്യവർഷവും 48 പേരിൽ നിന്നും തൊട്ടടുത്തവർഷവും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടെന്നും മാർച്ച് മാസത്തിൽ ഫണ്ട് ലാപ്സ് ആയി പോകും എന്നുള്ളതുകൊണ്ട് 88 പേർക്ക് വേണ്ടി തുക അടച്ചത് എന്നും അവർക്കല്ലാം വീട് ലഭിച്ചിട്ടുണ്ടെന്നും മൈത്രീഭവന നിർമ്മാണ പദ്ധതി നിർത്തിവച്ചതിനെ തുടർന്ന് ഈ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടു എങ്കിലും സർക്കാർ തുക നൽകുന്ന മുറയ്ക്ക് തുക മടക്കി നൽകാം എന്നാണ് അറിയിച്ചിരുന്നത് എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഭരണ വകുപ്പ് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയോ എന്ന സമിതിയുടെ ചോദ്യത്തിന് അന്വേഷണം നടത്തിയിട്ടില്ലെന്നാണ് ഡയറക്ടർ മറുപടി നൽകിയത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

129. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന്റെയും തുക ഹൗസിംഗ് ബോർഡിൽ അടച്ചതിന്റെയും രസീതുകളും മറ്റനുബന്ധരേഖകളും ലഭ്യമാക്കുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ഇവയെല്ലാം ലഭ്യമാക്കാമെന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ ഇവയൊന്നും തന്നെ നാളിതുവരെ ലഭ്യമാക്കുവാനോ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സമിതി നിർദ്ദേശം പാലിക്കാത്ത അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ജമാലുദ്ദീൻകുഞ്ഞിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## പോരുവഴി ഗ്രാമപഞ്ചായത്ത്
(1997-98)

**ഓഡിറ്റ് ഖണ്ഡിക**

ആടുകളെ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ

"പോരുവഴി ഗ്രാമത്തിലെ ഓരോ വാർഡിലേയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13 വനിതകൾക്ക് ആട് വാങ്ങി നൽകുകയാണ് പദ്ധതി. പതിനൊന്നു വാർഡുകളിലായി 143 ആടുകളെ വാങ്ങിയയിനത്തിൽ 2,28,800 രൂപ ചെലവാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടികവിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിതരണംചെയ്ത ആടുകൾക്ക് രോഗപ്രതിരോധകുത്തിവയ്പ് നടത്തിയതാണോ എന്നും ഗുണമേന്മയുള്ളതാണോ എന്നും വെറ്ററനറി സർജൻ സർട്ടിഫൈ ചെയ്തിട്ടില്ല. ആടുകളെ ഇൻഷ്വർ ചെയ്തിട്ടില്ല. ആനുകൂല്യം ലഭിച്ചവരുടെ റേഷൻ കാർഡുകളിൽ ആടുകൾ വിതരണം ചെയ്ത വിവരം രേഖപ്പെടുത്തുവാൻ പഞ്ചായത്ത് തീരുമാനിച്ചിരുന്നെങ്കിലും, അപ്രകാരം ചെയ്തിട്ടില്ല. ഈ കാരണങ്ങളാൽ 143 ആടുകളുടേയും വിലയായ 2,28,800 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു."

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-02 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V- 2 (9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-12-04 ലെ A1-24/02 നമ്പർ കത്ത് പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

130." ആഡിറ്റിനു വിധേയമായ കാലഘട്ടത്തിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി കെ. വൈ. സൂസമ്മയ്ക്ക് ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് മറുപടിക്കായി നൽകിയിരുന്നു. ടിയാൾ 18-9-2004-ാം തീയതി നൽകിയ മറുപടിയിൽ ആടുകളെ വാങ്ങി നൽകിയ പ്രോജക്ട് നടത്തിപ്പിനെ സംബന്ധിച്ച വിശദീകരണം ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ചു. 25-9-2004 ന് കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിശദമായി ഈ സംഗതി ചർച്ച ചെയ്തു. ശ്രീമതി സൂസമ്മ നൽകിയ വിശദീകരണം തൃപ്തികരമാണെന്ന് കാണുകയും ഇതിന്റെ വെളിച്ചത്തിൽ ഇതു സംബന്ധിച്ച ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ഭരണ വകുപ്പിനോട് അപേക്ഷിക്കുവാനും തീരുമാനിച്ചു."

131. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ഭരണവകുപ്പിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു എന്ന് സമിതിയെ അറിയിച്ച സാഹചര്യത്തിൽ എന്നാണിങ്ങനെ തീരുമാനിച്ച് ഭരണ വകുപ്പിന് അപേക്ഷ നൽകിയതെന്നും ആരായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നും സമിതി ആരാഞ്ഞതിന് 25-9-04-നാണ് ഭരണ വകുപ്പിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചത് എന്നും 4-12-04-ൽ ഭരണ വകുപ്പിന് അയച്ചുകൊടുത്തു എന്നും സെക്രട്ടറി ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നും പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

132. പദ്ധതി സംബന്ധിച്ച വിശദമായ മറുപടി അടിയന്തിരമായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/ ശുപാർശകൾ

133. ഓഡിറ്റ് തടസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

134. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ഉത്തരവാദപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ അന്നത്തെ പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജി.രാധാകൃഷ്ണനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കുണ്ടറ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

അനധികൃത കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കൽ-പാഴ്ചെലവ് സംബന്ധിച്ച്.

"കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ, കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഇൻലാന്റ് ഫിഷ്മാർക്കറ്റിംഗ് സ്കീം നടപ്പിലാക്കുന്നതിന് മുളവന വില്ലേജിൽപ്പെട്ട 50 സെന്റ് പുറംപോക്ക് ഭൂമി പതിച്ചുനൽകണമെന്ന പഞ്ചായത്തിന്റെ ആവശ്യപ്രകാരം 20.23 ആർ ഭൂമി പഞ്ചായത്തിനു സൗജന്യമായി വിട്ടുകൊടുത്തു. പ്രസ്തുത വസ്തുവിൽ അനധികൃതമായി കുടിൽ കെട്ടി താമസിച്ചിരുന്നവരെ (3 പേർ) പുനരധിവസി പ്പിക്കുന്നതിനായി പഞ്ചായത്ത്വക 4 സെന്റ് ഭൂമി വീതം നൽകുന്നതിനും ജെ.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവച്ചു നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ 35,000 രൂപ വീതം നൽകുകയാണെങ്കിൽ മറ്റാവശ്യങ്ങളൊന്നും ഉന്നയിക്കാതെ മാറി ക്കൊള്ളാമെന്നുള്ള കുടിയേറ്റക്കാരുടെ ആവശ്യപ്രകാരം മൂന്നുപേർക്ക് 1,05,000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കുകയുണ്ടായി. സർക്കാരിന്റെ അനുമതി യില്ലാതെയാണ് 35,000 രൂപ വീതം രൊക്കം പണമായി നൽകിയത്. നടപടിക്രമങ്ങൾ അധികാരപ്പെടുത്തിയ രീതിയിൽ അല്ലാത്തതിനാലും ചെലവ് ഉദ്ദേശിക്കുന്ന ഫലം ചെയ്യുകയില്ലാ എന്നതിനാലും ചെലവഴിച്ച 1,05,000 രൂപ പാഴ്ചെലവായി കണക്കാക്കാവുന്നതാണ്".

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-2(10) (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 14-12-2004-ലെ ജെ.എസ്.376/01 നമ്പർ കത്ത് പ്രകാരം കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

135. "കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ഡി.പി) വകുപ്പിന്റെ 05-02-2003-ലെ 29001/ഡി.പി$_2$/02/തസ്വഭ കത്തു പ്രകാരം ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വിപണനകേന്ദ്രം അനുവദിയ്ക്കുവാൻ നിശ്ചയിച്ചിരുന്ന സ്ഥലം അനധികൃത കയ്യേറ്റക്കാരെ പുനരധിവസിപ്പിയ്ക്കുന്നതിന് ചെലവാക്കിയ 1.05 ലക്ഷം രൂപ അന്നത്തെ പ്രസിഡന്റും സെക്രട്ടറിയായിരുന്ന ശ്രീമതി ഗ്രേസി തോമസ് എന്നിവരിൽ നിന്നും ഈടാക്കണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നിർദ്ദേശം ഒഴിവാക്കണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്തിരുന്നു. ഗവൺമെന്റ് ശുപാർശയുടെ വെളിച്ചത്തിൽ തിരുവനന്തപുരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 5-3-2003-ലെ എൽ.എഫ്.22868/സ്പെ.സെൽ(എസ്.ഡി)/2001/നമ്പർ കത്തു പ്രകാരം ആഡിറ്റ് ഖണ്ഡിക 43-ലെ 1.05 ലക്ഷം രൂപയുടെ സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ അറിവിനും മേൽ നടപടികൾക്കുമായി റിപ്പോർട്ടു ചെയ്തുകൊള്ളുന്നു."

136. സർചാർജ്ജ് നടപടി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് സമിതി അന്വേഷിച്ചതിന് പദ്ധതി 2000-ൽ കമ്മീഷൻ ചെയ്തു എന്നും ഇതുവരെ 43 ലക്ഷം രൂപ ചെലവാക്കിയെങ്കിലും ഉപകരണങ്ങൾ കേടായി കിടക്കുകയാണെന്നും 52,500 രൂപ അടച്ചാൽ നന്നാക്കി തരാമെന്ന് തുറമുഖ എൻജിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുണ്ട് എന്നും പദ്ധതിയിൽ നിന്നും ഇതുവരെയും വരുമാനം ഒന്നും ലഭിച്ചിട്ടില്ല എന്നും നന്നാക്കാനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് എന്നും 99000 രൂപയ്ക്ക് ലേലം ചെയ്ത് കൊടുത്തിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടറുടെയും മേൽനോട്ടത്തിൽ സെക്രട്ടറി നേരിട്ട് ഇത് പ്രവർത്തനക്ഷമമാക്കുന്നതിനായി പദ്ധതി തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

137. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

അനധികൃത മരാമത്ത് പണികൾ സെക്രട്ടറിമാർ നടത്തിയത്.

"പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം പ്രാദേശിക നിരക്കിൽ നേരിട്ടു ചെയ്യുന്നതിനു തീരുമാനിച്ചു. 01-08-1995-ൽ എ.ജെ. 085645 ചെക്ക് പ്രകാരം 400.022 രൂപ പിൻവലിച്ചു. പിൻവലിച്ച തുകയിൽ 20.022 രൂപ സിറ്റിംഗ് ഫീസായും ചെലവു വന്നതായി ആഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ചെലവു രജിസ്റ്ററിൽ സാംസ്ക്കാരിക നിലയത്തിനു കൂലിചെലവ് എന്ന് എഴുതിയിട്ടുള്ള 20,000 രൂപയുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏകീകൃത റിപ്പോർട്ട് 1998 പേജ് 51 (vi)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 16-12-2004-ലെ എ1-466/04 നമ്പർ കത്തു പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

138. "ആഡിറ്റിൽ നിരാകരിച്ച 20,000 രൂപ എത്രയും വേഗം പഞ്ചായത്തു ഫണ്ടിൽ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ സെക്രട്ടറി ശ്രീ. എം. രാജേന്ദ്രപ്രസാദിന് 22-10-2000-ലെ എ1-129/2000 നമ്പരായി ആഡിറ്റ് ഖണ്ഡികയുടെ പകർപ്പു സഹിതം കത്തയച്ചിരുന്നു. ആയതിന് മറുപടിയായി ടിയാൻ 8-3-2001-ൽ സമർപ്പിച്ച കത്തിൽ 20,000 രൂപയുടെ ബന്ധപ്പെട്ട വൗച്ചർ misplace ചെയ്തു പോയതാണെന്നും, പിറ്റേ ദിവസം തന്നെ ആയതു കണ്ടെടുത്ത് ആഡിറ്റിൽ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും റിപ്പോർട്ടു ചെയ്തിരുന്നു.

139. ഈ വിഷയം 17-04-2001-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും, ആരോപണ വിധേയമായ 20,000 രൂപാ സാംസ്കാരിക നിലയത്തിന്റെ പണിക്കൂലി ഇനത്തിൽ ടിയാൻ കൊടുത്തിട്ടുള്ളതായി വൗച്ചറുകൾ പരിശോധിച്ചതിലും അന്വേഷണം നടത്തിയതിലും മനസ്സിലാക്കുന്നതായും, ആയതിനാൽ മുൻ സെക്രട്ടറി ശ്രീ.എം.രാജേന്ദ്രപ്രസാദിനെ കുറ്റാരോപണത്തിൽ നിന്നും മുക്തനാക്കണമെന്നും കൊല്ലം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ചുകൊണ്ട് 17-4-2001-ലെ iv-ാം നമ്പരായി തീരുമാനം എടുത്തു.

140. മേൽ പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് 25-4-2001-ലെ എ1-129/2000 നമ്പർ കത്തു പ്രകാരം കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും കൊല്ലം പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്കും അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

141. ഇതിനെ തുടർന്ന്, കൊല്ലം പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ 29-5-2001-ലെ ഡി1-10482/98 നമ്പർ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം പഞ്ചായത്തു സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി 8/95-ലെ 1-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച 40,022 രൂപയിൽ 20,000 രൂപ സാംസ്കാരിക നിലയത്തിന്റെ ജോലിക്കൂലി ഇനത്തിൽ മസ്റ്റർ റോൾ പ്രകാരമുള്ള ചെലവുകൾക്കായിരുന്നെന്നും, പണി പൂർത്തീകരിക്കുന്നതിന് ചെലവായ മൊത്തം തുക അംഗീകരിച്ച് കിട്ടിയ താരതമ്യ പട്ടിക പ്രകാരമുള്ള തുകയിൽ കുറവാണെന്നും കാണിച്ച് അന്നത്തെ സെക്രട്ടറി 10-7-2001-ലെ എ1-129/2000 നമ്പർ കത്തു പ്രകാരം കൊല്ലം പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു.

142. മേൽ പഞ്ചായത്ത് തീരുമാനത്തിനും റിപ്പോർട്ടുകൾക്കുമുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ തുടർന്നുള്ള പ്രതികരണം ലഭിച്ചിട്ടില്ല."

143. ഓഡിറ്റിന് രേഖകൾ ഹാജരാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 1994-95, 1995-96 വർഷങ്ങളിൽ സാംസ്ക്കാരിക നിലയ നിർമ്മാണവും ആയി ബന്ധപ്പെട്ട കൂലിയിനത്തിൽ പിൻവലിച്ച 20,000 രൂപ തിരിച്ചടയ്ക്കണം എന്ന് ആവശ്യപ്പെട്ട് മുൻ സെക്രട്ടറിക്ക് കത്തയച്ചു എന്നും അതിന് മറുപടിയായി 8-3-2001-ൽ സമർപ്പിച്ച കത്തിൽ 20,000 രൂപയുടെ ബന്ധപ്പെട്ട വൗച്ചർ അപ്പോൾ കണ്ടെത്താൻ

കഴിഞ്ഞില്ലെന്നും പിന്നീട് ആയത് കണ്ടെടുത്ത് അടുത്ത ദിവസം തന്നെ ഓഡിറ്റിന് കൊടുത്തിരുന്നു എന്നാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ ഒരു ദിവസത്തെ പല വൗച്ചറുകളും ഒറ്റ ചെക്കായാണ് കൊടുത്തതെന്നും ഒരു ദിവസം ഒരു ചെക്ക് മാത്രമേ പാടുള്ളൂ എന്നും അതും സെൽഫ് ചെക്ക് ആയിട്ടാണ് വേണ്ടതെന്നും പടിഞ്ഞാറെ കല്ലട പഞ്ചായത്ത് സെക്രട്ടറി കൂട്ടിചേർത്തു. പദ്ധതിയുമായി ബന്ധപ്പെട്ട യഥാർത്ഥ ഫയലും അനുബന്ധരേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു.

144. സമിതി നിർദ്ദേശപ്രകാരം സെക്രട്ടറി ഹാജരാക്കിയ രേഖകൾ പരിശോധിച്ച് 1-2-2005-ലെ 23675/സ്പെ.സെൽ(ജി1)/04 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഡയറകടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 20,000 രൂപ കൂലി ചെലവായി നല്കിയത് സംബന്ധിച്ച മസ്റ്റർ റോളുകൾ ഹാജരാക്കിയിട്ടുണ്ടെന്നും (6700+6300+7000) ബന്ധപ്പെട്ട അളവു പുസ്തകവും അനുബന്ധ ഫയലുകളും പരിശോധിച്ചിട്ടുണ്ട് എന്നും സമിതിക്ക് ലഭ്യമാക്കിയ മറുപടിയുടെയും പ്രാദേശിക പരിശോധനയുടെയും അടിസ്ഥാനത്തിൽ മേൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

145. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നടത്തിയ പുനപരിശോധനയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു സമിതി ശുപാർശ ചെയ്യുന്നു.

## കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പദ്ധതി വിഹിതത്തിൽ നിന്നും നിയമവിരുദ്ധമായ അഡ്വാൻസ് നൽകിയത്.

ജി.ഒ.(പി) 1603/98/ഫിൻ തീയതി, 16-06-98-ലെ ഉത്തരവിലെ അഞ്ചാം ഖണ്ഡിക പ്രകാരം മൊബിലൈസേഷൻ അഡ്വാൻസിനു ഒഴികെ മറ്റുള്ള പ്രോജക്ടുകളുടെ ചെലവു മുൻകൂട്ടി കൊടുത്തുകൊണ്ട് പ്ലാൻ പി.ഡിയിലേയ്ക്ക് അഡ്വാൻസായോ 30-6-98-നു ശേഷം വരുന്ന ചെലവിലേയ്ക്കോ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ ചെക്കു നൽകാൻ പാടില്ല. പ്രസ്തുത ഉത്തരവുകൾ പാലിക്കാതെ 30-6-1998-നുശേഷമുള്ള ചെലവിലേയ്ക്കായി താഴെക്കാണുന്ന ഇനങ്ങളിൽ അഡ്വാൻസുകൾ നൽകിയതു പൊതുപണത്തിന്റെ ദുരുപയോഗമായി കാണുന്നു.

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 29-6-1998-ൽ ഖരമാലിന്യം നീക്കം ചെയ്യൽ പ്രോജക്ടിനുവേണ്ടി കണ്ടയിനറും കാരിയറും ബോക്സും വാങ്ങുന്നതിന് 2,74,500 രൂപ നൽകി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

146. "ഓഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് ടി സ്ഥാപനം അഡ്വാൻസ് ആയി തുക ആവശ്യപ്പെട്ടു. 1997-98 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ തുക ഡിപ്പോസിറ്റ് ചെയ്യുമായിരുന്നു, ഖരമാലിന്യ നിർമാർജ്ജന പ്രോജക്ട് എന്ന നിലയിൽ സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതിനാലാണ് ടി തുക ഡിപ്പോസിറ്റ് ചെയ്തത്. ഇതിൻ പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൊട്ടാക്കര ഓഫീസിലെ 5-1-1999-ലെ കെ.ടി.ആർ.എസ്.60/99-2000 നമ്പർ ഡെലിവറി ചെല്ലാൻ പ്രകാരം മൂന്ന് കണ്ടെയിനർ, ക്യാരിയർ, ബോക്സും പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിട്ടുള്ളതും ടി ഉപകരണങ്ങൾ പഞ്ചായത്തിന്റെ 1998-99-ലെ സ്റ്റോക്ക് രജിസ്റ്റർ പേജ് 35-36 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ടി ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗിച്ചുവരുന്നതുമാണ്. ടി വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്യുകയും കമ്മിറ്റിയുടെ 31-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. സമയബന്ധിതമായി തുക അടച്ച് ടി സാധനങ്ങൾ വാങ്ങിയതിനാൽ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടക്കുന്നതായി കമ്മിറ്റി അഭിപ്രായപ്പെട്ടു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

**ഓഡിറ്റ് ഖണ്ഡിക**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 30-6-1998-ൽ ട്രാക്റ്റർ വാങ്ങുന്നതിന് 2,58,517 രൂപ നൽകി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

147. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കെ.ടി.ആർ./എസ്/65/486 നമ്പർ പ്രകാരം നൽകിയ ഇൻവോയിസിലെ നിബന്ധന പ്രകാരം ട്രാക്ടർ വാങ്ങുന്നതിന് മുഴുവൻ തുകയും (ഡി.ഡി) അഡ്വാൻസ് നൽകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (കൊട്ടാരക്കര) 5-1-1999-ലെ ഡലിവറി ചെല്ലാൻ നമ്പർ കെ.ടി.ആർ.എസ്.60/98-99 പ്രകാരം ട്രാക്ടർ ഓഫീസിൽ ലഭിച്ചിട്ടുള്ളതും സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 35-ൽ ചേർത്തിട്ടുണ്ട്. ടി ട്രാക്ടർ ഉപയോഗിച്ചു വരുന്നതുമാണ്. ഇത് സംബന്ധിച്ച് കൃഷി ഓഫീസറുടെ വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി 31 (3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കൃഷി ഓഫീസറുടെ മറുപടിയും തിരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്."

148. കരുനാഗപ്പള്ളി ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ 27-07-04-ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഇതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്നും സമിതിയാരാഞ്ഞതിന് ഓഡിറ്റ് റിപ്പോർട്ടിന് യഥാസമയം മറുപടി നല്കിയിരുന്നില്ലെന്നും അതുകൊണ്ടാണ് ആദ്യ റിപ്പോർട്ട് അയച്ചത് എന്നും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

149. സർചാർജ്ജ് നോട്ടീസ് അയച്ചിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് സർ ചാർജ്ജ് നടപടി സ്വികരിച്ചു എന്നും 2004 വരെ ഉള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട് എന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

150. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് എന്ത് തുടർനടപടിയാണ് സ്വികരിച്ചത് എന്ന് സമിതി ആരാഞ്ഞതിന് 2000-ൽ ലഭ്യമാക്കിയ ആദ്യ മറുപടി പരിഗണിക്കുകയും പദ്ധതികളുടെ അപാകതകൾ ഓഡിറ്റ് വകുപ്പിന് പ്രത്യേകം പരിശോധിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്ത് വകുപ്പ് പരിശോധിക്കുവാനായി നിർദ്ദേശിച്ചിരുന്നു എന്നും അതുകൊണ്ടുതന്നെ 2004-ലെ മറുപടിയിന്മേൽ കൂടുതലായി നടപടി സ്വീകരിച്ചിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

151. പഞ്ചായത്ത് വകുപ്പ് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും നടപടി ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ആണ് കത്ത് അയച്ചതെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു.

152. കണ്ടെയിനറും കാരിയറും ഇപ്പോൾ എവിടെ ഉണ്ടെന്നും ഇതെല്ലാം സ്റ്റോർ പർച്ചേസ് നിയമം അനുസരിച്ചാണോ വാങ്ങിയതെന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്തിന്റെ ഒരു ട്രാക്ടറിൽ ഉറപ്പിച്ച് ഖരമാലിന്യങ്ങൾ വാരി മാറ്റുന്നതിന് ഉപയോഗിക്കുന്നു എന്നും ഒഴിഞ്ഞുകിടക്കുന്ന രണ്ട് എണ്ണം പഞ്ചായത്ത് കെട്ടിടത്തിന്റെ നവീകരണം നടക്കുന്നതിനാൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വീടിന് അടുത്ത് ഉള്ള സ്ഥലത്ത് സൂക്ഷിച്ച് രസീത് വാങ്ങിയിട്ടുണ്ടെന്നും, 2,74,500 രൂപയ്ക്കാണ് ഇവ വാങ്ങിയത് എന്നും കാർഷിക പ്രോജക്ടിന്റെ ഭാഗമായി കൃഷി ഓഫീസർ ആണിത് വാങ്ങിയത് എന്നും പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

153. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും സംയുക്ത പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

154. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 3-12-2005-ന് സമിതി നിർദ്ദേശപ്രകാരം സംയുക്ത പരിശോധന നടത്തി എന്നും കണ്ടെയ്നർ കാര്യറും ബോക്സും ഭൗതികമായി പരിശോധിച്ചു എന്നും ബോക്സുകളിൽ

ഒരെണ്ണം കാര്യറോടുകൂടി ഘടിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ടെന്നും മറ്റുള്ളവ ഉപയോഗശൂന്യമായ നിലയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ടിന്റെ പുരയിടത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നും ആയതിന് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് രസീത് നല്കിയത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും ട്രാക്ടർ പരിശോധിച്ചു എന്നും നിലവിൽ പ്രവർത്തനക്ഷമമാണെന്നും എഞ്ചിൻ നമ്പരും ബന്ധപ്പെട്ട ഇൻവോയിസുമായി പൊരുത്തപ്പെടുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

155. ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണ വകുപ്പിനോട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കാത്തത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നതായും ഇതു സംബന്ധിച്ച ഭരണവകുപ്പ് പുലർത്തുന്ന നിസംഗത അംഗീകരിക്കാനാവില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഭരണവകുപ്പുദ്യോഗസ്ഥരിൽനിന്നും ഇതു സംബന്ധിച്ച് വിശദീകരണം അടിയന്തിരമായി ലഭ്യമാക്കുവാനും ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ സമയ ബന്ധിതമായി നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

156. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാങ്ങിയ രണ്ട് പെട്ടികൾ ഉപയോഗ ശൂന്യമായി തുരുമ്പെടുത്ത് നശിക്കുന്നതായിട്ടാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. അനാവശ്യമായി സാധന സാമഗ്രികൾ വാങ്ങുകയും അവ ഉപയോഗ ശൂന്യമാക്കികളയുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും അനാവശ്യമായ പർച്ചേസുകൾ നടത്തി ഫണ്ട് ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

157. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് വകുപ്പ് നല്കിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്രിൻസിപ്പൽ/പി.റ്റി.എ. പ്രസിഡന്റ് യു.പി.ജി.എസ്. കരുനാഗപള്ളിക്ക് 26-6-1998-ൽ പാചകപ്പുര നിർമ്മാണത്തിന് 40,000 രൂപ നൽകി.(ഗവ.മുസ്ലീം എൽ.പി.എസ്. കഞ്ഞിപ്പുര നിർമ്മാണം)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

158. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയുംപ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാപക രക്ഷാകർതൃസമിതിയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ടി തുക നൽകിയത്. ടി പ്രോജക്ട്

സമയബന്ധിതമായി പൂർത്തീകരിച്ച് കഞ്ഞിപ്പുരയെന്ന ആസ്തിയും സൃഷ്ടിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സെക്രട്ടറി സമർപ്പിച്ച വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 31 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയും തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്."

**ഓഡിറ്റ് ഖണ്ഡിക**

"പ്രിൻസിപ്പൽ/പി.റ്റി.എ. പ്രസിഡന്റ് യു.പി.ജി.എസ്.കരുനാഗപള്ളിക്ക് 26-6-1998-ൽ പാചകപ്പുര നിർമ്മാണത്തിന് 40,000 രൂപ നൽകി. (മരുതൂർകുളങ്ങര വെൽഫയർ യു.പി.ജി.എസ്. കഞ്ഞിപ്പുര നിർമ്മാണം)"

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-05-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

159. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാപക രക്ഷാകർതൃ സമിതിയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ടി തുക നൽകിയത്. ടി പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിച്ച് കഞ്ഞിപ്പുരയെന്ന ആസ്തിയും സൃഷ്ടിച്ചിട്ടുണ്ട്. സമയബന്ധിതമായി തുക ചിലവഴിക്കുന്നതിനുവേണ്ടിയായിരുന്നു ഇപ്രകാരം ചെയ്തത്. ഇത് സംബന്ധിച്ച് സെക്രട്ടറി സമർപ്പിച്ച വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 31 (2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയും തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്."

160. കഞ്ഞിപ്പുര നിർമ്മാണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആരായിരുന്നെന്നും പണി പൂർത്തീകരിച്ച് വാല്യൂവേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഫയലും മറ്റു രേഖകളും സൂക്ഷിച്ചിട്ടുണ്ടോയെന്നും എം. ബുക്കുണ്ടായിരുന്നോയെന്നും സമിതിയാരാഞ്ഞതിന് രണ്ടു സ്കൂളിലും കഞ്ഞിപ്പുര പണിതിട്ടുണ്ട് എന്നും വാല്യുവേഷൻ റിപ്പോർട്ട് ഫയലിൽ ഉണ്ടെന്ന് മുൻ കൃഷി ഓഫീസറും എം. ബുക്കും എഴുതിയിട്ടുണ്ടായിരുന്നു എന്ന് പഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

161. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനു കാരണം എന്താണെന്നും തുക വിനിയോഗിച്ചത് സംബന്ധിച്ച എന്തെല്ലാം രേഖയാണ് പഞ്ചായത്തിന്റെ പക്കൽ ഉള്ളതെന്നും സമിതി ആരാഞ്ഞതിന്, എഞ്ചിനീയറാണ് ഇതു സംബന്ധിച്ച് വാല്യുവേഷൻ നടത്തിയതെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റും എം. ബുക്കുമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

162. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, എം.ബുക്ക് മറ്റ് രേഖകൾ എന്നിവ 15 ദിവസത്തിനുള്ളിൽ ലോക്കൽ ഫണ്ട് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കുവാനും

ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഇതു സംബന്ധിച്ച് സംയുക്ത പ്രാദേശിക പരിശോധന നടത്തുവാനും രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറെകൊണ്ട് കഞ്ഞിപ്പുരയുടെ മെഷർമെന്റ് എടുത്ത് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചിരുന്നു.

163. കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടറുടെ 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത സ്കൂളുകളിലെ പാചക പുരകൾ ഭൗതികമായി പരിശോധിച്ചെന്നും കെട്ടിടങ്ങൾക്ക് ഏകദേശം ഏഴു വർഷത്തെ പഴക്കം തോന്നും എന്നും പഞ്ചായത്ത് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം അന്നത്തെ നിരക്കിൽ കഞ്ഞിപ്പുര ഓരോന്നിനും ഏകദേശം 50,000 രൂപയ്ക്കുമേൽ ചെലവ് വരുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

164. സമിതി നിർദ്ദേശപ്രകാരം എൽ.എഫ്.എ ലഭ്യമാക്കിയ പുന:പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

> "കരുനാഗപ്പള്ളി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 29-6-1998-ൽ രാസവളം വാങ്ങുന്നതിലേക്ക് 20,000 നൽകി."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ,-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

165. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അയച്ചു കൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. 30-6-1998നകം തുക ചിലവഴിക്കണമെന്ന അടിസ്ഥാനത്തിലാണ് വളത്തിന്റെ വില സൊസൈറ്റിയിൽ അടച്ചത്. ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് വളം വിതരണം ചെയ്ത് അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൃഷി ഓഫീസറുടെ വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി 31 (3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കൃഷി ഓഫീസറുടെ മറുപടിയും തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്"

166. ഇത് സംബന്ധിച്ച് ഫയൽ ഉണ്ടോയെന്നും ഗുണഭോക്താക്കൾക്ക് തുക നല്കിയതിന് രസീത് ഉണ്ടോയെന്നും സൊസൈറ്റിക്ക് തുക കൊടുത്തതിന് രേഖയുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഫയൽ ഉണ്ടെന്നും സൊസൈറ്റിക്ക് തുക നല്കിയതിന്റെ ക്യാഷ് ബില്ലും ഓരോ ഗുണഭോക്താവിനും കൊടുത്ത രസീതുമുണ്ടെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

167. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലോക്കൽ ഫണ്ട് ആഡിറ്റ് ഡപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

168. കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ രാസവളം ബന്ധപ്പെട്ട കക്ഷികൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധിച്ചു ബോദ്ധ്യപ്പെട്ടെന്നും രാസവളത്തിന്റെ ഇന്റന്റ് സർവ്വീസ് സൊസൈറ്റിയുടെ ബിൽ, കൈപ്പറ്റ് രസീതുകൾ എന്നിവ ക്രമമായി സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

169. ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

"കരുനാഗപ്പള്ളി കൃഷി ഓഫീസർ 29-6-1998-ൽ നെൽവിത്ത് സംഭരണത്തിന് വില നൽകാനായി അഡ്വാൻസ് കൈവശം വച്ചിരുന്നത് 1,11,000 രൂപ."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

170. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. 30-6-1998-ൽ 1,11,000 രൂപ മാറിയത് നെൽ വിത്തിന് മാത്രമല്ലായിരുന്നു. അംഗീകൃത പ്രോജക്ട് പ്രകാരം നെൽവിത്ത്, വളം, പച്ചക്കറിവിത്ത് തുടങ്ങിയവ വാങ്ങിയത് റീ-ഇംപേഴ്സ് ചെയ്യുന്നതിനായാണ് പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചത്. ഇത് സംബന്ധിച്ച് കൃഷി ഓഫീസറുടെ വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി 31 (4)-ാം നമ്പർ തിരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കൃഷി ഓഫീസറുടെ മറുപടിയും തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്."

171. അഡ്വാൻസ് നല്കുന്നതിനായി പിൻവലിച്ച തുക എത്ര നാൾ കൈവശം വച്ചിരുന്നെന്നും ഇതു സംബന്ധിച്ച രേഖകൾ ഉണ്ടോയെന്നും സമിതി ആരാഞ്ഞതിന് 29-6-1998-ൽ തുക മാറിയെന്നും 27-7-1998 ലാണ് തുക മുഴുവൻ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചതെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

172. നെൽ വിത്തു വിതരണവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് നല്കുവാൻ സമിതി മുൻകൃഷി ഓഫീസർക്കും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നല്കിയിരുന്നു.

173. കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി നിർദ്ദേശ പ്രകാരം 1,11,000 രൂപ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

174. സമിതി നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളത് സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

> "ഡയറി എക്സ്റ്റൻഷൻ ഓഫീസർ കരുനാഗപ്പള്ളി 29-6-1998-ൽ കന്നുകാലിതൊഴുത്ത് നിർമ്മാണ പ്രോജക്ട് 46 ഗുണഭോക്താക്കൾക്ക് വ്യക്തിഗത അക്കൗണ്ടിലേക്ക് 1,30,000 രൂപ അഡ്വാൻസ് നൽകി."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.5. (എ)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ1-419/04 നമ്പർ കത്തുപ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

175. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ ക്ഷീരവികസന ഓഫീസർക്ക് അയച്ചുകൊടുത്തു അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. ജനകീയാസൂത്രണ പദ്ധതിപ്രകാരം കാലിത്തൊഴുത്ത് നിർമ്മാണം ജനറൽ 40 ഗുണഭോക്താക്കൾക്ക് 5000 രൂപ ക്രമത്തിൽ 2,00,000 രൂപയും പട്ടികജാതി ഗുണഭോക്താക്കൾക്ക് 10000 രൂപ ക്രമത്തിൽ 6 പേർക്ക് 60,000 രൂപയും അടക്കം 2,60,000 രൂപ അനുവദിച്ചു. ഒന്നാം ഗഡു 26-6-1998-ന് മുമ്പ് ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. തൊഴുത്ത് പണി പുരോഗമിച്ചു കൊണ്ടിരുന്ന സാഹചര്യത്തിൽ 46 ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള ബാക്കിതുകയാണ് അക്കൗണ്ടിലേക്ക് മാറ്റിയത്. 1,30,000 രൂപ പൂർണ്ണമായും അഡ്വാൻസ് അല്ല. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നഷ്ടപ്പെടാതിരിക്കാനാണ് ഇപ്രകാരം തുക നൽകിയത്. 46 തൊഴുത്തിന്റെ പണിയും പൂർത്തീകരിച്ചു. ഇത് സംബന്ധിച്ച് ക്ഷീരവികസന ഓഫീസറുടെ വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി 31 (5)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ക്ഷിരവികസന ഓഫീസറുടെ മറുപടിയും തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. "

176. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയുവാൻ ഉള്ളതെന്ന് സമിതി ആരാഞ്ഞതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരുന്ന ക്ഷീര വികസന ഓഫീസർ നല്കിയ മറുപടിയിൽ ജനകീയ ആസൂത്രണ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിൽ പൊതുവിഭാഗത്തിൽ 5000 രൂപ വീതം 40 ഗുണഭോക്താക്കൾക്കായി 2,00,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ 10,000

രൂപ വീതം 6 ഗുണഭോക്താക്കൾക്കായി 60,000 രൂപയും അടക്കം 2,60,000 അനുവദിക്കുകയും ഒന്നാം ഗഡു 29-6-1998-ന് മുൻപ് ഗുണഭോക്താക്കൾക്ക് നൽകുകയായിരുന്നെന്നും തൊഴുത്തുപണി പുരോഗമിച്ചു കൊണ്ടിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് നല്കേണ്ടിയിരുന്ന ബാക്കി തുകയാണ് അക്കൗണ്ടിലേക്ക് മാറ്റിയതെന്നും തുക നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണിങ്ങനെ ചെയ്തത് എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

177. തൊഴുത്തു പണി പൂർത്തീകരിച്ചോയെന്ന് സമിതി ആരാഞ്ഞതിന് 46 പേരുടെ തൊഴുത്തു പണി പൂർത്തീകരിച്ചതിന്റെ എല്ലാ രേഖകളും ഉണ്ടെന്നും മുൻ ക്ഷീര വികസന ഓഫീസർ സമിതിയെ അറിയിച്ചു.

178. തൊഴുത്തു നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടർക്ക് നല്കുവാനും ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡപ്യൂട്ടി ഡയറകടറോടൊപ്പം സംയുക്ത പരിശോധന നടത്തുവാനും സമിതി നിർദ്ദേശിച്ചിരുന്നു.

179. സമിതി നിർദ്ദേശപ്രകാരം സംയുക്ത പരിശോധന നടത്തി 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം കൊല്ലം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കാലിത്തൊഴുത്തു നിർമ്മാണത്തിന് ജനറൽ വിഭാഗത്തിൽ നിന്നും 40 പേർക്കും പട്ടികവിഭാഗത്തിൽ നിന്നും 6 പേർക്കും ആനുകൂല്യം നല്കിയതുമായി ബന്ധപ്പെട്ട് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും തുക നല്കിയതിന്റേയും കൈപ്പറ്റു വിവരങ്ങളും പരിശോധിച്ചു ബോദ്ധ്യപ്പെട്ടു എന്നും ആണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

180. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുന:പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതിനു സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സി.എഫ്. ലാംപ് വിതരണ പ്രോജക്ട്

"1500 ഗുണഭോക്താക്കൾക്കായി 3000 സി.എഫ്.ലാംപ് വിതരണം ചെയ്യാനായിരുന്നു പദ്ധതി. ക്വട്ടേഷൻ വഴി ഒരു ലാംപിന്റെ വില നിശ്ചയിച്ചിട്ടുള്ളതു 224 രൂപയാണ്. അംഗീകരിച്ച പ്രോജക്ട് പ്രകാരം 110 രൂപ ഗുണഭോക്തൃ വിഹിതവും 114 രൂപ പദ്ധതി വിഹിതവുമാണ്. 3000 സി.എഫ്.ലാംപുകൾക്കായി 6/98-ലെ 44-ാം നമ്പർ വൗച്ചർ പ്രകാരം 3,42,000 രൂപ ലാംപിന്റെ വിതരണക്കാർക്കു നൽകുകയുണ്ടായി. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട 873 ഗുണഭോക്താക്കളുടെ വിഹിതമായ 1,92,060 രൂപ (110X2X873) മാത്രമെ 30-6-1998-വരെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പഞ്ചായത്തിൽ അടയ്ക്കുന്നതിനു മുൻപായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും വേണ്ടി മുൻകൂട്ടി പദ്ധതി വിഹിതം അടച്ചതു ക്രമവിരുദ്ധമാണ്. ഇതു സർക്കാർ ഉത്തരവു ജി.ഒ.(പി) നമ്പർ 1603/98 ഫിൻ തീയതി 16-06-98 ഖണ്ഡിക 5-ന്റെ ലംഘനമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV. 5. (ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 22-11-2005-ലെ കെ-419/04 നമ്പർ കത്തു പ്രകാരം കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :-

181. "ആഡിറ്റ് പാരായുടെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. അദ്ദേഹം താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു. ഒരു സി.എഫ്.എൽ. വാങ്ങുന്നതിന് 110 രൂപ ഗുണഭോക്തൃ വിഹിതവും 114 രൂപ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയ പ്രോജക്ടായിരുന്നു. സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ചുകൊണ്ട് വിതരണക്കാരനെ പഞ്ചായത്ത് കണ്ടെത്തി. അതിൻ പ്രകാരം 30-6-1998 നകം സി.എഫ്.എൽ. നൽകണമെന്ന് കാണിച്ച് സപ്ലൈ ഓർഡർ നൽകി. ഗുണഭോക്താക്കൾക്കും ഇതോടൊപ്പം ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്ന് കാണിച്ച് അറിയിപ്പ് നൽകിയിരുന്നു. സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ ആൽഫാ-സി കൊച്ചിൻ എന്ന സ്ഥാപനം 3000 സി.എഫ്.എൽ. പഞ്ചായത്തിൽ ഇറക്കി. പഞ്ചായത്ത് ടി സാധനം സ്റ്റോക്കിലെടുത്തു. (സ്റ്റോക്ക് രജിസ്റ്റർ പേജ് 12) ആയതിന്റെ അടിസ്ഥാനത്തിൽ 3000 സി.എഫ്.എൽ-ന് പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയ 3,42,000 രൂപ സ്ഥാപനത്തിന് നൽകി ബാക്കി (ഗുണഭോക്തൃ വിഹിതം) തുകയായ 3,30,000 രൂപ നൽകിയത് ഗുണഭോക്തൃ വിഹിതം ലഭിച്ചതിന് ശേഷമാണ്. സി.എഫ്.എൽ.ഗുണഭോക്തൃവിഹിതമായ 3,30,000 രൂപയും തയ്യൽ മെഷീൻ ഗുണഭോക്തൃവിഹിതമായി 3500 രൂപയും ലോഡ് സൈക്കിൾ 3360 രൂപയും ചേർത്ത് ആകെ 3,36,860 രൂപ സെക്രട്ടറിയുടെ പ്ലാൻ പി.ഡി.അക്കൗണ്ടിൽ 12-1-1999-ൽ 97-ാം നമ്പർ ചെല്ലാൻ പ്രകാരം അടച്ചിട്ടുണ്ട്. പൂർണ്ണമായും ഗുണഭോക്തൃവിഹിതം ലഭിച്ചതിന് ശേഷമാണ് ഗുണഭോക്താക്കൾക്ക് സി.എഫ്.എൽ.വിതരണം ചെയ്തിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിലും 30-6-1998-ൽ പദ്ധതി വിഹിതം ലാപ്സ് ആകുമെന്നതിനാലും സപ്ലൈ ചെയ്ത സ്ഥാപനത്തിന് വില നൽകേണ്ടത് നിയമപരമായ ബാദ്ധ്യത ആയതിനാലുമാണ് ഇപ്രകാരം പദ്ധതിവിഹിതം വിനിയോഗിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് സെക്രട്ടറിയുടെ വിശദീകരണം 24-7-2004-ലെ പഞ്ചായത്ത് കമ്മിറ്റി 31(7)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പും കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്"

182. ഒരു സി.എഫ്. ലാമ്പിന് 224 രൂപ വിലയുള്ളതിൽ 110 രൂപ ഗുണഭോക്തൃ വിഹിതവും 114 രൂപ പദ്ധതി വിഹിതവുമായി കണക്കാക്കി 3000 ലാമ്പുകൾ വാങ്ങി 150 കുടുംബങ്ങൾക്ക് നൽകുവാനായിരുന്നു പദ്ധതിയെന്നും പദ്ധതി വിഹിതമായ 3,42,000 രൂപ 29-6-1998-ൽ 144793-ാം നമ്പർ ചെക്കുപ്രകാരം ആൽഫാസി എന്ന കമ്പനിക്ക് നല്കി എന്നും കരുനാഗപ്പള്ളി പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

183. ക്വട്ടേഷൻ വഴിയാണോ കമ്പനിയെ തെരഞ്ഞെടുത്തതെന്നും ഗുണഭോക്തൃ വിഹിതം എങ്ങനെയാണ് നല്കിയതെന്നും കമ്പനിയുമായി കരാറുണ്ടോയെന്നും ബൾബുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോയെന്നും

സമിതിയാരാഞ്ഞതിന് ക്വട്ടേഷൻ വഴിയാണ് കമ്പനിയെ തെരഞ്ഞെടുത്തതെന്നും തുക കൊടുത്തതിന്റെ ബില്ല് ഉണ്ടെന്നും ക്വട്ടേഷനുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടർ പരിശോധി ച്ചിരുന്നെന്നും സെക്രട്ടറിയുടെ പ്ലാൻ ഫണ്ടിൽ തുക വന്നതിനുശേഷമാണ് ഗുണഭോക്തൃ വിഹിതം കൊടുത്തതെന്നും ബൾബുകളെക്കുറിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ലായെന്നും 30-6-1996-ന് മുമ്പായി ബൾബുകൾ ലഭ്യമാക്കാമെന്നായിരുന്നു കരാറെന്നും ലാമ്പിന്റെ ഗുണനിലവാരം സംബന്ധിച്ച് അനർട്ടിന്റെ സർട്ടിഫിക്കറ്റുണ്ടായിരുന്നു എന്നും കരുനാഗപ്പള്ളി മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

184. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് അനുബന്ധരേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനോടും ഇതു സംബന്ധിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡി.ഡി യോടും സമിതി നിർദ്ദേശിച്ചിരുന്നു.

185. സമിതി നിർദ്ദേശ പ്രകാരം കൊല്ലം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 12-12-2005-ലെ എൽ.എഫ്.ക്യൂ.പി.ജി-1089/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സിഎഫ് ലാമ്പ് വിതരണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചെന്നും 11-3-1998-ൽ ക്വട്ടേഷൻ നോട്ടീസ് പത്രത്തിൽ പ്രസിദ്ധികരിച്ചിട്ടുണ്ടെന്നും 26-5-1998-ൽ സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും 26-6-1998-ലെ 51-ാം നമ്പർ ബില്ല് പ്രകാരം സപ്ലൈ ചെയ്തിട്ടുള്ള 3000 ബൾബും 3000 അഡാപ്റ്ററും പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട് എന്നും വിതരണത്തിന്റെ രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടു എന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

186. കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് 1999-2000-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യസമയത്ത് മറുപടി നല്കാതെ 24-7-2004-ൽ പഞ്ചായത്ത് സമിതിയെ കൊണ്ട് അംഗീകരിപ്പിച്ചത് ശരിയായ നടപടി അല്ലെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും ഓഡിറ്റിന് മറുപടി നല്കുന്നതിന് കാലതാമസം വരുത്തുന്നത് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് വകുപ്പു തലത്തിൽ അച്ചടക്ക നടപടി സ്വികരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

187. ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി.

തിരുവനന്തപുരം,
2007, മാർച്ച് 21,

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 3 | തൊടിയൂർ ഗ്രാമ പഞ്ചായത്ത് | തൊടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽപ്പറഞ്ഞ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിക്കുന്നതിനും വിജിലൻസിന് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2. | 5 | ,, | അധികം തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു എന്ന് സമിതിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയെങ്കിലും അധികമായി പിൻവലിച്ച തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളോ ഇതു സംബന്ധിച്ച വിശദാംശങ്ങളോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു |
| 3 | 7 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |
| 4 | 13 | ,, | തൊടിയൂർ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നതിൽ നിന്നും തന്നെ പദ്ധതി നടത്തിപ്പിൽ സാരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടാകുമെന്നും വ്യക്തമാണ്. ആയതിനാൽ വിജിലൻസ് അന്വേഷണം സമയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധിതമായി പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 14 | | പബ്ലിക് ഹെൽത്ത് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച ശ്രീ. അനിൽകുമാറിനെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് 22-12-2004-ലെ തെളിവെടുപ്പു യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു നൽകിയിരുന്നെങ്കിലും ടിയാനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണം ആവശ്യപ്പെടുന്നു. ശ്രീ. അനിൽകുമാറിനെതിരെ കേരള സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 15 | | പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ശ്രീ. അനിൽകുമാറിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തേണ്ടി വന്ന സാഹചര്യത്തിൽ റിക്കവറി നടപടിക്രമങ്ങൾക്കായി ചെലവായ തുക ടിയാനിൽ നിന്നും ഈടാക്കുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | 16 | | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം വിശദമായി പരിശോധിച്ച് കെട്ടിട നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിൽ അടച്ച തുക തിരികെ വാങ്ങുന്നതിനോ അല്ലാത്ത പക്ഷം കെട്ടിടം പണി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 22 | കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് | ആയതിനാൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻ നായരിൽ നിന്നും വിശദീകരണവും ഇക്കാര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിക്കാതിരുന്നത് സംബന്ധിച്ച വിശദീകരണവും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു., |
| | 23 | | ആദായ നികുതി അടയ്ക്കുന്നതിൽ കാലതാമസം ഉണ്ടായതുമൂലം പഞ്ചായത്തിന് പിഴപ്പലിശയായി 38011 രൂപ അടയ്ക്കേണ്ടി വന്നതിനാൽഅടയ്ക്കേണ്ടി വന്ന പ്രസ്തുത തുക 1991-92 മുതലുളള പിഴപ്പലിശ ഉൾപ്പെടെ ഉത്തരവാദികളായിരുന്ന ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നീ മുൻ സെക്രട്ടറിമാരിൽ നിന്നും മൂന്നു മാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും ഇതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും സമിതി നിർദ്ദേശിക്കുന്നു. |
| | 24 | | ആയതിനാൽ ഓഡിറ്റിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 25 | | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശ പ്രകാരം, പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും അടിയന്തിരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 31 | കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മേല്പറഞ്ഞ പിഴവുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7. | 37 | ” | 21-11-2005-ലെ 4559/05/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 8 | 41 | ” | ആയതിനാൽ ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെയിപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 45 | ” | സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 46 | | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 10 | 50 | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 54 | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഗുണഭോക്താക്കളായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പിരിഞ്ഞു കിട്ടിയെന്നതും വിളക്കുകളുടെ പ്രവർത്തനക്ഷമതെയെപ്പറ്റി ഒരു പരാതി പോലും ലഭിച്ചില്ലെന്നതും ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന കാര്യത്തിൽ സംശയമുണർത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് സമിതി കരുതുന്നു. |
| | 55 | | സമിതി നിർദ്ദേശം പാലിക്കാൻ കൂട്ടാക്കാത്ത ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാനും ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | 61 | പൂതക്കുളം ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 68, 69, 70, 71 | ഇട്ടിവ ഗ്രാമപഞ്ചായത്ത് | കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് 22-12-2004-ൽ സമിതി നടത്തിയ തെളിവെടുപ്പു വേളയിൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച ഒരു ഓഡിറ്റ് പരാമർശം സംബന്ധിച്ച് രേഖകൾ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഡപ്യൂട്ടി ഡയറക്ടറോടും സമിതിക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാതിരുന്ന സെക്രട്ടറിക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയത് 17-1-2006-ൽ മാത്രമാണ്. സെക്രട്ടറിക്കെതിരെ സമിതിനിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അനാവശ്യമായ കാലതാമസം വരുത്തി കുറ്റക്കാർക്ക് രക്ഷപ്പെടുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതായും അതുവഴി ഭരണവകുപ്പ് അഴിമതിയും അനാസ്ഥയും ഉത്തരവാദിത്വമില്ലായ്മയും തുടരുന്നതിന് പ്രോത്സാഹനം നൽകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഞ്ചായത്ത് ഭരണവകുപ്പ് അടിയന്തിരമായി അഴിച്ചുപണിയുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സർക്കാർ തലത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | 69 | | കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ക്വട്ടേഷന്റെ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 9-2-1999-ൽ മുൻകൂർ നൽകിയ തുക 29-3-2000-ൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് നടന്ന സമയത്ത് ഇവ ഓഡിറ്റ് വകുപ്പുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ലെന്നും അറിയിച്ചിരിക്കുന്നതല്ലാതെ ഫയൽ കണ്ടു പിടിക്കാനോ അത് നഷ്ടപ്പെടുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ഓഡിറ്റ് രേഖകൾ കൃത്യമായി ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനോ എന്തെങ്കിലും നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനുമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയോ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നതായി കാണുന്നില്ല. ഇത് പലപ്പോഴും ഓഡിറ്റിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഫയൽ കണ്ടെത്തുവാനും ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും ഓഡിറ്റിന് യഥാസമയം രേഖകൾ ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | 70 | | ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കിയിരിക്കണമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ്/ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും ഇതിനു വിരുദ്ധമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമയബന്ധിതമായി വകുപ്പുതല നടപടി സ്വീകരിക്കുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ടി ഉദ്യോഗസ്ഥരിലും ബാദ്ധ്യത ചുമത്തി ഉത്തരവു പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 71 | | ഓഡിറ്റ് പരാമർശം സംബന്ധിച്ച് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനപരിശോധന നടത്തുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും ലോക്കൽ ഫണ്ട് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 76 | തഴവ ഗ്രാമപഞ്ചായത്ത് | കൺവീനറിൽ നിന്നും റവന്യൂ റിക്കവറി വഴി തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിക്കും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 81 | അഞ്ചൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർ നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | 89 | ” | കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഓരോ കാർഷിക വിളയും അതാതിന്റേതായ പ്രത്യേക സീസണിൽ തന്നെ കൃഷി ചെയ്തു തുടങ്ങുന്ന വിധത്തിൽ ആസൂത്രണം ചെയ്യുന്നത് അഭികാമ്യമായിരിക്കുമെന്നും അപ്രകാരം ചെയ്യാത്തതിനാൽ പ്രസ്തുത ആനുകൂല്യങ്ങൾ പ്രയോജനപ്രദമാകാതെ പാഴ്ചെലവായി തീരുന്നതായി സമിതി കണ്ടെത്തി. ആയതിനാൽ കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളെല്ലാം അതാതു കാർഷിക സീസണു മുമ്പുതന്നെ പൂർത്തിയാക്കി കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 90 | | ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 95 | അഞ്ചൽ ഗ്രാമപഞ്ചായത്ത് | ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയും ഇതു സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 98 | ,, | ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 106 | ,, | ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 107 | | പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രായോഗികതലത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കൂടി മുൻകൂട്ടി കാണാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള ഉദാഹരണമാണ് ഈ പദ്ധതി എന്നും ഇതിനുത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 117 | മേലില ഗ്രാമപഞ്ചായത്ത് | സർക്കാർ ഉത്തരവുപ്രകാരം ഓഡിറ്റ് തടസം ഒഴിവാക്കിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 120 | ,, | രേഖകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 121 | | സമിതി നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയത് സംബന്ധിച്ച് അന്നത്തെ മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. മോഹനൻ പിള്ളയിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | 125 | കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | മെതിയന്ത്രം പ്രവർത്തനക്ഷമമാണോ എന്നും പാടശേഖര സമിതിക്ക് ഇത് കൈമാറിയതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 126 | | സമിതി നിർദ്ദേശമനുസരിച്ചുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിരിക്കുന്നതെന്നും ആയതിനാൽ ഇവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 129 | ” | സമിതി നിർദ്ദേശം പാലിക്കാത്ത അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ജമാലുദ്ദീൻകുഞ്ഞിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 24. | 133 | പോരുവഴി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 134 | | പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. രാധാകൃഷ്ണനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 25. | 137 | കുണ്ടറ ഗ്രാമപഞ്ചായത്ത് | പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 26. | 145 | പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് | സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നടത്തിയ പുനപരിശോധനയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27. | 155 | കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | ബന്ധപ്പെട്ട ഡപ്യൂട്ടി ഡയറക്ടറിൽനിന്നും ഭരണവകുപ്പുദ്യോഗസ്ഥരിൽനിന്നും ഇതു സംബന്ധിച്ച് വിശദീകരണം അടിയന്തിരമായി ലഭ്യമാക്കുവാനും ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | 156 | | അനാവശ്യമായി സാധന സാമഗ്രികൾ വാങ്ങുകയും അവ ഉപയോഗശൂന്യമാക്കി കളയുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും അനാവശ്യമായ പർച്ചേസുകൾ നടത്തി ഫണ്ട് ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 157 | | സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് വകുപ്പ് നല്കിയ പുനപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 28. | 164 | ” | സമിതി നിർദ്ദേശപ്രകാരം എൽ.എഫ്.എ ലഭ്യമാക്കിയ പുനപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 29. | 169 | ” | ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 30. | 174 | ” | സമിതി നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പുനപരിശോധന റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളത് സമിതി അംഗീകരിക്കുന്നു. |
| 31. | 180 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതിനു സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32. | 186 | കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് 1999-2000-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യ സമയത്ത് മറുപടി നല്കാതെ 24-7-2004-ൽ പഞ്ചായത്ത് സമിതിയെ കൊണ്ട് അംഗീകരിപ്പിച്ചത് ശരിയായ നടപടി അല്ലെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും ഓഡിറ്റിന് മറുപടി നല്കുന്നതിന് കാലതാമസം വരുത്തുന്നത് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് വകുപ്പു തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 187 | | ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു സമിതി ശുപാർശ ചെയ്യുന്നു. |